2018
മാർച്ച്
വാല്യം 11 | ലക്കം 3
Annual Subscription ₹ 80.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



## "Ite Ad Joseph"

("യൗസേപ്പിന്റെ അടുക്കലേക്കു പോവുക")

## തിരുനാൾ - മാർച്ച് 19



വിജയപുരം 9-ാം പാസ്റ്ററൽ കൗൺസിലിന്റെ
നാലാം സമ്മേളന ഉദ്ഘാടനം



മുക്കൂട്ടുതറ അസ്സീസ്സി കോളേജിൽ നടന്ന
ദീപം തെളിക്കൽ ചടങ്ങ്

MARCH 2018
Vol.11 • No.3
REGISTERED NEWSPAPER
Reg.No. KERMAL/2008/24745

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
ഈസ്റ്ററിലൂടെ ഉത്ഥിതരാകാം

5 TRANSFERS & APPOINTMENTS
തൈലാശീർവാദ ദിവ്യബലി

6 യുവജന – തിരുഹൃദയ വർഷം

8 തപസ്സുകാലം (സർക്കുലർ)

12 നവസമൂഹസൃഷ്ടിക്കായി സ്നേഹത്തിൽ ഒന്നാകുക (പാസ്റ്ററൽ കൗൺസിൽ യോഗം)

14 പരി. പിതാവിന്റെ നോമ്പുകാല സന്ദേശം – 2018

19 സിബിസിഐ 33 – ാം ജനറൽ ബോഡി മീറ്റിംഗ് അന്തിമ പ്രസ്താവന

26 ദൈവം കൂടെ നടക്കുന്ന തപസ്സുകാലം

28 ഇടവക വാർത്തകൾ

29 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ മാർച്ച് മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

EDITORIAL

# ഈസ്റ്ററിലൂടെ ഉത്ഥിതരാകാം

**ക്രൈ**സ്തവരുടെ ഏറ്റവും പ്രധാ[redacted]പ്പെട്ട ആഘോഷമാണ് ഈസ്റ്റർ. 40
ദിവസങ്ങളിലെ തപസനുഷ്ഠാന[redacted]ളിലൂടെ അതിന് നാം ഒരുങ്ങുന്നു
(Fasting for Feasting). ഒരാഴ്ചത്തെ [redacted]ശുദ്ധ വാരാചരണത്തിലൂടെ നാമതു
കൊണ്ടാടുന്നു. 50 ദിവസങ്ങളിലെ[redacted]പെസഹാക്കാലത്തിലൂടെ നാം ആ
ആഘോഷത്തിന്റെ അറിവാലും, അന[redacted]വത്താലും, ആവേശത്താലും, ശക്തി
യാലും നിറയുന്നു. ഞായറാഴ്ച ആ[redacted]രണങ്ങളിലൂടെ നാം ആ ആഘോഷ
ത്തിന്റെ അനുഭവം അയവിറക്കുന[redacted] അനുദിന ദിവ്യബലിയിലൂടെയും
കൂദാശകളിലൂടെയും പ്രാർത്ഥനകളി[redacted]ൂടെയും നാമതിൽ പങ്കുചേരുന്നു.

ദൈവപുത്രനും മാനവരക്ഷകന[redacted]ായ യേശുക്രിസ്തുവിന്റെ ഉത്ഥാന
മാണ്, പാപത്തിന്റെയും മരണത്ത[redacted]ന്റെയും സാത്താന്റെയും മേലുള്ള
അവിടുത്തെ വിജയമാണ് ഈസ്റ്ററി[redacted]ടെ നാം ആഘോഷിക്കുന്നത്. അത്
ദൈവസ്നേഹത്തിന്റെ ഏറ്റവും വലി[redacted]പ്രകാശനമാണ്. ദൈവവെളിപാടിന്റെ
പൂർത്തീകരണമാണ്. മനുഷ്യരെ ര[redacted]ഷിക്കാൻ വേണ്ടിയുള്ള ദൈവപ്രവർ
ത്തനങ്ങളുടെ സാക്ഷാത്ക്കാരമാണ്[redacted]

യേശുവിന്റെ മരണത്തിന്റെ ഫല[redacted]യിരുന്നു ക്രിസ്തുവിന്റെ ഉത്ഥാനം.
മനുഷ്യരുടെ പാപങ്ങളുടെയെല്ലാ[redacted]മൂർദ്ധന്യമായിരുന്നു യേശുവിന്റെ
ക്രൂശികരണം. അവിടെ മനുഷ്യർ [redacted]ദവത്തെ കൊന്നു. എന്നാൽ യേശു
തന്റെ മരണത്തെ ദൈവത്തിന്റെ[redacted]സ്നേഹത്തിന്റെ ഏറ്റവും വലിയ
വെളിപ്പെടുത്തലാക്കി മാറ്റി. അനുസ[redacted]നക്കേടുമൂലം വന്ന ആദ്യമനുഷ്യന്റെ
പാപം കുരിശുമരണത്തോളം [redacted]നുസരണയുള്ളവനായി തീർന്നു
കൊണ്ട്(ഫിലി. 2:8) യേശു പോക്ക[redacted]ആദ്യ സഹോദരന്റെ കൊലപാതക
ത്തിലൂടെ, സഹോദരന്റെ ജീവനെടു[redacted]ുന്നതിലൂടെ, വന്ന പാപം ആദ്യജാത
നായിവന്ന ദൈവപുത്രൻ സഹോദര[redacted]ൾക്കുവേണ്ടി സ്നേഹത്തിൽ സ്വന്തം
ജീവനർപ്പിച്ചുകൊണ്ട് പരിഹരി[redacted]ു. അവിടെ മനുഷ്യർ ചെയ്ത
കൊലപാതകം ദൈവമർപ്പിച്ച ബ[redacted]യായി മാറി.അവിടെ പാപത്തിന്റെ
ശിക്ഷയായി വന്ന മരണം നിത്യജീവ[redacted]ിലേക്കുള്ള വഴിയായി മാറി. അവിടെ
പാപത്തിന്റെ കാരണക്കാരനായ[redacted]സാത്താന്റെ തല തകർക്കപ്പെട്ടു.
അടിമത്തത്തിലമർന്ന മനുഷ്യർ വി[redacted]ോചിതരായി. പരാശ്രയത്തിലായിരു
ന്നവർ യഥാർത്ഥ സ്വാതന്ത്ര്യത്തിലേ[redacted]ും സമൃദ്ധമായ ജീവന്റെ അനുഭവ
ത്തിലേക്കും കടന്നുവന്നു. അങ്ങനെ[redacted]ദൈവപുത്രൻ സ്വർഗ്ഗം വിട്ട് ഭൂമിയി
ലിറങ്ങി വന്ന് മനുഷ്യരക്ഷ സാധിച്ച[redacted]സംഭവമാണ് യേശുവിന്റെ മരണവും
ഉത്ഥാനവും. അത് നമ്മുടെ രക്ഷയു[redacted]റപ്പാണ്. പാപത്തിന്റെയും രോഗത്തി
ന്റെയും മരണത്തിന്റെയും സാത്താ[redacted]ന്റെയും മേലുള്ള വിജയമാണ്. അത്
നമ്മുടെ ജീവിത ബോധ്യമാകട്ടെ; [redacted]ത് നമ്മുടെ ജീവിത രീതിയാകട്ടെ;
അതു നമ്മുടെ ജീവിതാനുഭവമാക[redacted]

ഈസ്റ്റർ ആഘോഷിക്കുന്ന നമ[redacted]ക് ഇനി അടിമയായിരിക്കാനാവില്ല;
പരാജയപ്പെടാനാവില്ല. പാപം ചെയ്യു[redacted]വില്ല. ഉത്ഥിതന്റെ ശക്തിയിൽ നിറയു
മ്പോൾ നാം വിമോചിതരാകും; വി[redacted]യികളാകും; സ്നേഹിക്കുന്നവരാകും.
ജീവനേകുന്നവരാകും.

# രൂപതാ കാര്യാലയത്തിൽ നിന്ന്

1. Rev.Fr.Sebastian Plathottam is appointed the Manager of Madonna College, Kottayam.
2. Rev.Fr.Jose Nedunilathu has retired and his residence is at Little Flower Priests' Home, Thellakam.
3. Rev.Fr. Sanoj Plamthottathil MSFS, Asst. Parish Priest, St. Joseph's Church, 20th Acre, Kattappana.

## തൈലാശീർവ്വാദ ദിവ്യബലി (Chrism Mass)

2018 മാർച്ച് 28 ബുധനാഴ്ച രാവിലെ 7.30ന് വിമലഗിരി കത്തീഡ്രലിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ തൈലാശീർവ്വാദ ദിവ്യബലി യർപ്പിക്കപ്പെടുന്നു. പൗരോഹിത്യത്തിന്റെ സ്ഥാപക തിരുനാൾ ആഘോഷിക്കപ്പെടുന്ന ഈ ദിനത്തിൽ അഭിവന്ദ്യ പിതാവിനോടും വൈദികരോടുമൊപ്പം ഈ തിരുബലിയിൽ സംബന്ധിച്ച് വൈദികർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ എല്ലാവരും ശ്രമിക്കണമെന്ന് താത്പര്യ പ്പെടുന്നു.

*വികാരി ജനറാൾ*

## വൈദികദിനാഘോഷവും ത്രൈമാസ സമ്മേളനവും

**2018 മാർച്ച് 27 ചൊവ്വാഴ്ച വൈകുന്നേരം 6.30 ന്**
**വിമലഗിരി പാസ്റ്ററൽ സെന്ററിൽ ആരംഭിക്കുന്നു.**

**2018 മാർച്ച് 26 രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ ബൊനവന്തുരാ അരാനാ ഒ.സി.ഡി യുടെ ചരമവാർഷിക ദിനം**

നോമ്പുകാലത്തിലെ 2 ഞായറാഴ്ചകളിലെ പിരിവ്
***വിശപ്പിനും രോഗത്തിനുമെതിരേ കാരിത്താസ് ഇന്ത്യക്ക്***

മാർച്ച് 29 പെസഹാ വ്യാഴാഴ്ചത്തെ പിരിവ്
***വൈദികരുടെ സംരക്ഷണത്തിനായി P.M.A.S ന്***

മാർച്ച് 30 ദു:ഖ വെള്ളിയാഴ്ചത്തെ പിരിവ്
***വിശുദ്ധ നാടുകളുടെ സംരക്ഷണത്തിന്***

67. Mariya Robert Namboonil....................................... Rs.10000.00
68. Superior, Cluny Convent..........................................Rs.10000.00
69. Mr. Joseph & Aniyamma Kannamalil.......................Rs.25000.00

**യുവജനവർഷം**

2018 ഒക്ടോബർ മാസം പരിശുദ്ധ ഫ്രാൻസിസ് പാപ്പ വിളിച്ചു കൂട്ടിയിരിക്കുന്ന 15-ാ മത് മെത്രാൻമാരുടെ സിനഡിന്റെ പ്രമേയ വിഷയം യുവജനങ്ങളെ സംബന്ധിച്ച് ആയതിനാൽ കെ.സി.ബി.സി ഈ വർഷം യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുന്നു.

**നമ്മുടെ രൂപതയിൽ യുവജനവർഷാചരണം**

- രൂപതാതല യുവജനവർഷാരംഭം : 2018 മാർച്ച് 28ന്
- യുവജന സമഗ്രസർവ്വേ
- യുവജനധ്യാനം
- യുവജനസെമിനാറുകൾ
- രൂപതാ തലത്തിലും മേഖലാതലത്തിലും ഇടവകതലത്തിലുമുള്ള ആഘോഷങ്ങൾ
- ജൂലൈമാസത്തിലെ പ്രഥമ ഞായറാഴ്ച യുവജനദിനമായി ആഘോഷിക്കേണ്ടതാണ്.
- രൂപതാ യുവജനസംഗമം : 2018 ഡിസംബർ 8ന്

## തിരുഹൃദയവർഷം

2018 മാർച്ച് 29-ാം തീയതി നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന ഭാഗ്യസ്മരണാർഹനായ ബൊനവെന്തൂര അരാന പിതാവ് നമ്മുടെ മെത്രാസന മന്ദിരത്തെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചിട്ട് 80 വർഷം പൂർത്തിയാകുന്നു. ഇതോടനുബന്ധിച്ച് നമ്മുടെ രൂപതയിൽ 2018 തിരുഹൃദയവർഷമായി ആചരിക്കുവാൻ വൈദികരുടെ ത്രൈമാസ സമ്മേളനം നിർദ്ദേശിക്കുകയുണ്ടായി. തിരുഹൃദയ വർഷാചരണത്തിന്റെ ഭാഗമായി വൈദിക സെനറ്റിലും വൈദിക ത്രൈമാസ സമ്മേളനത്തിലും അജപാലന സമിതി യോഗത്തിലും ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും:-

- വിശുദ്ധ തൈല പരികർമ്മ ദിനമായ 2018 മാർച്ച് 28 ന് അഭിവന്ദ്യ പിതാവ്

രൂപത മുഴുവനെയും ഈശോയുടെ തിരുഹൃദയത്തിന് പുനഃ പ്രതിഷ്ഠിച്ചുകൊണ്ട് തിരുഹൃദയവർഷം ഉദ്ഘാടനം ചെയ്യുന്നു.

- വികാരിയച്ചന്മാർ സൗകര്യപ്രദമായ സമയത്ത്, പ്രത്യേകിച്ച് ഉയിർപ്പു തിരുനാളിനു ശേഷം, ഇടവകയിലെ കുടുംബങ്ങളെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചു നവീകരിക്കുന്നു.
- തിരുഹൃദയ പ്രതിഷ്ഠാ നവീകരണത്തിന് ആവശ്യമായ പ്രാർത്ഥനകൾ കൂരിയായിൽ നിന്നും ലഭ്യമാക്കുന്നതാണ്.
- തിരുഹൃദയത്തിന്റെ ചിത്രം രൂപതയുടെ ബുക്ക് സ്റ്റാളിൽ @ Rs.110/- ന് ലഭ്യമാണ്.
- ജൂൺമാസം തിരുഹൃദയ വണക്കമാസം സാഘോഷം നടത്തേണ്ടതാണ്. കൂടാതെ, ഈ വർഷത്തെ തിരുഹൃദയത്തിരുനാൾ (ജൂൺ 10) സമുചിതമായി ആഘോഷിക്കണം.
- ആദ്യവെള്ളി ആചരണം കൂടുതൽ ഫലപ്രദമാകുംവിധം ദിവ്യകാരുണ്യ ആരാധന, കുമ്പസാരം, ഏകദിന ധ്യാനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുക.
- തിരുഹൃദയ നാമത്തിലുള്ള ദൈവാലയങ്ങളായ പാമ്പനാർ, അമയന്നൂർ ഇടവകകൾ തീർത്ഥാടന കേന്ദ്രങ്ങൾ ആയി പ്രഖ്യാപിക്കപ്പെടുന്നു.
- തിരുഹൃദയത്തിന്റെ പതാക എല്ലാ ഭവനങ്ങളിലും പ്രദർശിപ്പിക്കണം.
- കുടുംബാംഗങ്ങൾ തിരുഹൃദയ പ്രതിഷ്ഠാ നവീകരണദിനം കുമ്പസാരിച്ച് ഒരുങ്ങേണ്ടതാണ്.
- വിശുദ്ധ തൈലപരികർമ്മദിനം, അതായത് മാർച്ച് 28-ാം തീയതി, ഓരോ കുടുംബകൂട്ടായ്മയിൽ നിന്നും ഒരു പ്രതിനിധി എങ്കിലും തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നത് ഉചിതമായിരിക്കും
- അഭിവന്ദ്യ പിതാവ് എല്ലാ വൈദിക മന്ദിരങ്ങളും സന്യാസ ഭവനങ്ങളും സന്ദർശിക്കുകയും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുകയും ചെയ്യാവുന്നതാണ്. തിരുഹൃദയ വർഷാചരണത്തിന്റെ മേഖലാതല ഉദ്ഘാടനം പിതാവ് ഫൊറോനാ / വികാരിയുടെ ഭവനം സന്ദർശിക്കുന്ന സമയത്ത് ഫൊറോനായിലെ എല്ലാ വൈദികരും പ്രതിനിധികളുമൊത്ത് നടത്താവുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ സന്ദർശനത്തിന്റെ ദിവസങ്ങൾ സെക്രട്ടറിയച്ചനുമായി ആലോചിച്ച് ബഹു. വികാരിയച്ചൻമാർ നിശ്ചയിക്കണം.

യുവജന-തിരുഹൃദയവർഷചരണം സംബന്ധിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനം കഴിയുന്നതും വേഗത്തിൽ പുറപ്പെടുവിക്കുന്നതാണ്.

*(ഈ വിവരങ്ങൾ ഇടവക പൊതുയോഗത്തിലോ കുടുംബകൂട്ടായ്മകളിലോ വിശദീകരിക്കേണ്ടതാണ്)*

**വികാരി ജനറാൾ**

Diocese of Vijayapuram

CIRCULAR LETTER

VOL. XIII • NO. 01• 2018 • FEBRUARY 2018

# തപസ്സുകാലം

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

## ആത്മാവിൽ പ്രകാശിതരാകാനുള്ള പുണ്യകാലം

നമ്മുടെ കർത്താവിന്റെ പീഡാസഹനവും മരണവും പ്രാർത്ഥനാപൂർവ്വം അനുസ്മരിച്ച് ഉത്ഥാനത്തിന്റെ ആനന്ദം ആസ്വദിക്കുവാനുള്ള വിശുദ്ധമായ തപസ്സുകാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. വിശുദ്ധവാരാ ചരണങ്ങളിലെ ഏറ്റവും അർത്ഥവത്തായ കർമ്മമായ പുത്തൻ തീ ആശീർവദിക്കലും അതിൽ നിന്ന് പെസഹാത്തിരി തെളിച്ച് കാർമ്മികൻ "ക്രിസ്തുവിൻ പ്രകാശം" എന്ന് ഉച്ചത്തിൽ ആലപിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ ഒരു പുതിയ തുടക്കത്തിന്റെ പുത്തൻ നെയ്ത്തിരി കത്തി ജ്വലിക്കുന്നു. പ്രകാശമായ ദൈവത്തിന്റെ സാന്നിധ്യം നമ്മിൽ സന്നിവേസിക്കുന്നു. എരിഞ്ഞു തീരാതെ കത്തുന്ന മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവം ക്രിസ്തുവിലൂടെ ലോകത്തിന്റെ പ്രകാശമായി അവതരിച്ച സംഭവമാണ് നാം അനുസ്മരിക്കുന്നത് (പുറ.3:2). അന്ധകാരത്തിലകപ്പെട്ട മനുഷ്യന് ദൈവം പ്രകാശമായി ഭവിക്കുന്നു. " എന്റെ രക്ഷ ലോകാതിർത്തി വരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നല്കും" (എശയ്യ. 49/6). യേശുനാഥൻ സ്വയം വെളിപ്പെടുത്തുന്നു. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ. 8/12). യേശുവിനെ അറിഞ്ഞു സ്നേഹിച്ച യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നു. "ദൈവം പ്രകാശമാണ്"(1 യോഹ. 1/5). പെന്തക്കോസ്താ തിരുനാളിൽ തീനാളങ്ങളുടെ രൂപത്തിൽ അപ്പോസ്തോലന്മാരുടെ ശിരസ്സിൽ പതിച്ച അതേ ആത്മാവിനെ ജ്ഞാനസ്നാനത്തിലൂടെ സ്വീകരിച്ചവരാണ് സർവ്വക്രൈസ്തവരും. അപ്പോസ്തലൻമാർ പരിശുദ്ധാത്മ വരദാനങ്ങളിൽ നിറഞ്ഞവരായി ക്രിസ്തുവിനു സാക്ഷ്യം വഹിച്ചു. പൈശാചിക ശക്തികളുടെ ചങ്ങലകളിൽ ബന്ധിതരാകുന്നവർക്ക് ആത്മീയ പ്രകാശം പരത്തുവാൻ കഴിയുന്നില്ല എന്ന തിരിച്ചറിവാണ് തപസ്സനുഷ്ഠാനത്തിലൂടെ ഒരു പുത്തൻ പെന്തക്കോസ്താ അനുഭവത്തിലേക്കു തിരുസഭ നമ്മെ ക്ഷണിക്കുന്നത്.

## പുതിയ മനുഷ്യരായിത്തീരാനുള്ള ആത്മീയദാഹം

തപസ്സനുഷ്ഠാനത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത് ക്രിസ്തുവിൽ ഒരു നവജീവനാണ്. തങ്ങളുടെ ആത്മീയപാപ്പരത്തം തിരിച്ചറിഞ്ഞ വ്യക്തികൾക്കേ ഒരു മാറ്റം അനിവാര്യമാണെന്നു തോന്നുകയുള്ളൂ. ഇഥം പ്രഥമമായി നാം ദൈവമക്കളാണ് എന്ന ബോധ്യമുണ്ടാകണം. തുടർന്ന് ദൈവമക്കൾക്കു ചേർന്ന ജീവിതമാണോ നയിക്കുന്നതെന്ന് സ്വയം വിമർശനാത്മകമായി വിശകലനം ചെയ്യണം. വീഴ്ചകൾ വന്നുപോയിട്ടുണ്ട് എന്ന് മനസ്സിലാക്കുമ്പോഴാണ് തിരുത്തലിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കുന്നത്. ഇപ്രകാരമുള്ള മാനസാന്തരത്തിന്റെ മകുടോദാഹരണമാണ് ധൂർത്ത പുത്രന്റെ ഉപമയിലൂടെ തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. ചെയ്ത തെറ്റുകൾ അംഗീകരിച്ചാൽ മാത്രം പോരാ, പിതാവിന്റെ പക്കലേക്ക് മടങ്ങിപ്പോകുവാനുള്ള മനോധൈര്യം സമ്പാദിക്കണം. ഇത്തരത്തിൽ പിതാവിങ്കലേക്കുള്ള തിരിച്ചുവരവാണ് മാനസാന്തരമെന്ന് നാം മനസ്സിലാക്കണം. മാനസാന്തരത്തിന്റെ ഫലമാണ് ആത്മനവീകരണം. അതായത് പഴയ ജീവിത ശൈലി പാടെ വെടിഞ്ഞ് പുത്തൻ ജീവിതശൈലി ആശ്ലേഷിക്കുക. പൗലോസ് വ്യക്തമാക്കുന്നു: “നിങ്ങൾ യേശുവിനെക്കുറിച്ച് കേൾക്കുകയും സത്യം തന്നിലായിരിക്കുന്നതു പോലെ തന്നെ, അവൻ നിങ്ങളെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടല്ലോ. നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നു രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാകാൻ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവാൻ നിങ്ങൾ മനസ്സിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ”(എഫ്ര. 4/21-24)

## ധർമ്മദാനം, പ്രാർത്ഥന, ഉപവാസം

തപസ്സാചരണം ഫലപ്രദമാക്കുവാൻ നാം നിർവ്വഹിക്കേണ്ട മൂന്നു പുണ്യപ്രവർത്തികളാണ് ധർമ്മദാനം, പ്രാർത്ഥന, ഉപവാസം. ഇവ എപ്രകാരം നിറവേറ്റണമെന്നും യഥാർത്ഥ ലക്ഷ്യങ്ങൾ ഏവയെന്നും മത്തായി സുവിശേഷകൻ വ്യക്തമായി വിവരിക്കുന്നുണ്ട് (മത്തായി 6/1-18). മറ്റുള്ളവരുടെ അംഗീകാരവും ആദരവും പരസ്പരം നേടുന്നതിനു വേണ്ടിയാവരുത് ധർമ്മദാനം ചെയ്യേണ്ടത്. മറിച്ച് അന്യരിൽ ക്രിസ്തുവിനെ ദർശിച്ചുകൊണ്ട് നല്കുന്ന സഹായങ്ങൾ ദൈവമഹത്വത്തിനായി ചെയ്യുന്ന ശുശ്രൂഷയായി കരുതണം. സമൃദ്ധിയിൽ നിന്നും വലിച്ചെറിയുന്ന വലിയ തുകകളെക്കാൾ ദൈവം വിലമതിക്കുന്നത് ഉള്ളതു മുഴുവൻ നല്കുന്ന വിധവയുടെ ചില്ലിക്കാശിനാണ് എന്നു നാം മനസ്സിലാക്കണം. കപടനാട്യക്കാരെപ്പോലെ എല്ലാവരാലും ശ്രദ്ധിക്കപ്പെടാനുള്ള മാർഗ്ഗമായി പ്രാർത്ഥനയെ കാണരുത്. വ്യക്തിപരമായി ദൈവത്തോട് കൂടുതൽ അടുത്ത് അവിടുത്തെ സ്തുതിച്ചും പുകഴ്ത്തിയും ആരാധിച്ചും പുത്രസഹജമായ പ്രത്യാശയോടെ സമ്പർക്കം പുലർത്തുകയാണ് പ്രാർത്ഥനയിലൂടെ. അതിഭാഷണത്തിന്റെ ആവശ്യവുമില്ല. നമ്മുടെ ആത്മാർത്ഥതയും ആവശ്യകതയും അവിടുന്നു മുൻകൂട്ടി അറിയുന്നു. നമ്മുടെ ഉപവാസവും

പരിത്യാഗ പ്രവർത്തികളും പരസ്യപ്പെടുത്തി ആത്മനിർവൃതിയടയുവാനുള്ളവയല്ല. ലോകത്തോടും ഭക്ഷണത്തോടും ഭൗതിക സുഖങ്ങളോടും അധികാരമോഹങ്ങളോടുമുള്ള അതിരറ്റ ആസക്തികളെ കീഴ്പ്പെടുത്തുവാനുള്ള ശക്തമായ മാർഗ്ഗങ്ങളാണിവ. നാല്പതുരാവും നാല്പതു പകലും മരുഭൂമിയിൽ യേശുനാഥൻ ഉപവസിച്ചത് നമുക്ക് മാതൃകയാണ്.

നമ്മൾ ധർമ്മദാനം ചെയ്യുന്നവരാണ്, പ്രാർത്ഥിക്കുന്നവരാണ്, ഉപവാസമനുഷ്ഠിക്കുന്നവരാണ്. എന്നാൽ തപസ്സുകാലത്ത് സുവിശേഷാത്മക ചൈതന്യത്തോടെ ധർമ്മദാനം ചെയ്യുന്നതിനും, പ്രാർത്ഥിക്കുന്നതിനും, ഉപവസിക്കുന്നതിനും സവിശേഷമായ ശ്രദ്ധ പതിപ്പിക്കണം. പ്രാർത്ഥിക്കുവാൻ കൂടുതൽ സമയം കണ്ടെത്തണം. കുരിശിന്റെ വഴി, വിശുദ്ധഗ്രന്ഥപാരായണം, പാനവായന തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നല്കണം.

**"24 മണിക്കൂർ കർത്താവിനുവേണ്ടി":** നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവും കൃപകളുടെ സ്രോതസ്സുമാണ് പ. ദിവ്യകാരുണ്യം. ദൈവത്തെ നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്നത് പ. കുർബാനയിലൂടെയാണ്. തപസ്സുകാലത്ത് സജീവ ശ്രദ്ധ ചെലുത്തേണ്ടത് നിത്യവും ദിവ്യബലിയിൽ പങ്കെടുക്കുന്നതിനും കഴിയുന്നിടത്തോളം ദിനങ്ങളിൽ ഒരു മണിക്കൂറെങ്കിലും ദിവ്യകാരുണ്യനാഥനു ആരാധന നല്കുന്നതിനുമാണ്. ഈ വർഷവും 24 മണിക്കൂർ കർത്താവിനുവേണ്ടി നാം നീക്കി വയ്ക്കണമെന്ന് പ. ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുന്നു. ആയതിനാൽ 2018 മാർച്ച് 9 വെള്ളി മുതൽ മാർച്ച് 10 ശനി വരെ നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും ഏവരുടെയും സജീവസാന്നിധ്യം ഉറപ്പുവരുത്തി സാഘോഷം ദിവ്യകാരുണ്യാരാധന നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. ആ അവസരം വിശ്വാസികൾക്ക് അനുരഞ്ജന കൂദാശ സ്വീകരിക്കുവാനുള്ള ക്രമീകരണം നടത്തണമെന്നും പ. ഫ്രാൻസിസ് പാപ്പാ താല്പര്യപ്പെടുന്നു.

## വൈദികദിനവും തൈലാശീർവാദ കർമ്മവും

വചനം പ്രഘോഷിക്കാനും കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതിനും അഭിഷേകം ചെയ്യപ്പെട്ടവരാണ് വൈദികർ. കർത്താവ് പൗരോഹിത്യം സ്ഥാപിച്ചത് അന്ത്യ അത്താഴ(പെസഹാ വ്യാഴാഴ്ച്ച) വേളയിലാണല്ലോ. അന്നേ ദിവസം നമ്മുടെ എല്ലാ വൈദികർക്കു വേണ്ടി നാം പ്രാർത്ഥിക്കണം. നമ്മുടെ രൂപതയിൽ നിന്നും അനേകം പേരെ സവിശേഷമായ ദൈവവിളി നല്കി അനുഗ്രഹിക്കണമേയെന്ന് ദിവ്യകാരുണ്യ നാഥനോട് അപേക്ഷിക്കണം. കൂടാതെ തിരുവത്താഴ ബലിയിലെ സ്തോത്രകാഴ്ച നമ്മുടെ വൈദികരുടെ സംരക്ഷണത്തിനായിട്ടുള്ളതായതിനാൽ ഏറ്റവും ഉദാരമായി ചെയ്യുവാനും പരിശ്രമിക്കണം.

നമ്മുടെ രൂപതയിൽ സൗകര്യാർത്ഥം വൈദികദിനം ആഘോഷിക്കുന്നത് വിശുദ്ധവാരത്തിലെ ചൊവ്വായും ബുധനുമാണ്(2018 മാർച്ച് 27-28). തൈലാശീർവാദ ദിവ്യബലി മാർച്ച് 28-ാം തീയതി രാവിലെ 7.30 നാണ്

അർപ്പിക്കുന്നത്. ഒരു വർഷത്തേക്ക് ആവശ്യമായ തൈലങ്ങൾ ആശീർവദിക്കപ്പെടുന്ന ബലിയാണ് നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ വച്ചു നടക്കുന്ന അതിശ്രേഷ്ഠമായ ശുശ്രൂഷ. നമ്മുടെ എല്ലാ വൈദികരെയും കാണുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമുള്ള ഒരു സുവർണ്ണാവസരമാണ്. അതീവ താത്പര്യത്തോടും സ്നേഹത്തോടും നിങ്ങളേവരേയും പ്രസ്തുത കർമ്മത്തിലേക്ക് ഞാൻ ക്ഷണിക്കുന്നു.

## ഈശോയുടെ തിരുഹൃദയത്തിനു നമ്മെ പുനഃപ്രതിഷ്ഠിക്കാം

2018 മാർച്ച് 29-ാം തീയതി നമ്മുടെ പ്രഥമ മെത്രാനായിരുന്ന ഭാഗ്യ സ്മരണർഹനായ ബെനവന്തൂരാ ആരാന പിതാവ് നമ്മുടെ മെത്രാസന മന്ദിരത്തെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചിട്ട് 80 വർഷം പൂർത്തിയാവുകയാണ്. 2018 നമ്മുടെ രൂപതയിൽ തിരുഹൃദയ വർഷമായി ആചരിക്കുവാനും നമ്മുടെ എല്ലാ ഇടവകകളെയും സ്ഥാപനങ്ങളെയും ഭവനങ്ങളെയും ഈശോയുടെ തിരുഹൃദയത്തിനു പുനഃ പ്രതിഷ്ഠിക്കണമെന്നും കഴിഞ്ഞ ഡിസംബർ മാസം കൂടിയ വൈദിക ത്രൈമാസ സമ്മേളനത്തിൽ തീരുമാനിച്ച വിവരം ഏവരെയും സസന്തോഷം അറിയിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ അടുത്ത രൂപതാ അജപാലന സമിതിയിൽ നിശ്ചയിക്കുന്നതാണ്. രൂപതയെ പൊതുവായി ഈശോയുടെ തിരുഹൃദയത്തിനു പുനഃപ്രതിഷ്ഠിക്കുന്നത് തൈലാശീർവാദ ബലിവേളയിലായിരിക്കും. ഈശോയുടെ തിരുഹൃദയ നാമത്തിലുള്ള പാമ്പനാർ, അമയന്നൂർ ദേവാലയങ്ങളെ തീർത്ഥാടന കേന്ദ്രങ്ങളായും പ്രഖ്യാപിക്കുന്നതാണ്.

## വിശപ്പിനും രോഗത്തിനുമെതിരായി

തപസ്സുകാലത്തിലെ രണ്ടു ഞായറാഴ്ചകളിലെ സ്തോത്രകാഴ്ച വിശപ്പിനും രോഗത്തിനുമെതിരായുള്ള സഭയുടെ ശുശ്രൂഷകളെ സഹായിക്കുവാൻ നാം നല്കി വരുന്നു. ഈ വർഷവും പ്രത്യേകം അറിയിപ്പു നല്കി ലഭിക്കുന്ന സ്തോത്രകാഴ്ച VSSS-ൽ ഏല്പിക്കണമെന്ന് അപേക്ഷിക്കുന്നു

പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ നമ്മുടെ ശരീരങ്ങളെ അശുദ്ധമാക്കുന്നതും കുടുംബജീവിതത്തെ തകർക്കുന്നതുമായ മദ്യപാനം, മയക്കുമരുന്നുപയോഗം, നവീന മാധ്യമ മാർഗ്ഗങ്ങളോടുള്ള അടിമത്തം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്ന് പിന്മാറുന്നതിനായി നാം ശക്തമായ പ്രതിജ്ഞ എടുക്കണം.

തപസ്സുകാലത്തിന്റെ ചൈതന്യം നമ്മിലേവരിലും ഫലപ്രദമായ ആത്മനവീകരണത്തിനു കാരണമാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും സ്വർഗ്ഗീയ നന്മകൾ ആശംസിച്ചുകൊണ്ടും നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**

01-02-2018 *വിജയപുരം മെത്രാൻ*

# നവ സമൂഹസൃഷ്ടിക്കായി സ്നേഹത്തിൽ ഒന്നാവുക

**ലോ**കത്തിലെ എല്ലാ തിന്മകൾക്കും അസ്വസ്ഥതകൾക്കും അടിസ്ഥാന കാരണം സ്നേഹമില്ലായ്മയാണെന്നും ഒരു നവ സമൂഹസൃഷ്ടിക്കായി എല്ലാവരും പരസ്പര സ്നേഹചൈതന്യത്താൽ ഒന്നാവണമെന്നും അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് പ്രസ്താവിച്ചു. രൂപതയുടെ 9-ാം പാസ്റ്ററൽ കൗൺസിലിന്റെ 4-ാം സമ്മേളനം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പിതാവ്. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു. കോട്ടയം വി.ഒ.സി കോൺവെന്റിലെ ബഹു. സിസ്റ്റേഴ്സ് നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെയാണ് യോഗനടപടികൾക്ക് പ്രാരംഭമായത്.

കേരള ലത്തീൻ സഭ നടപ്പിലാക്കുന്ന ഹാർട്ട് ടു ഹാർട്ട് മിഷൻ ലിങ്കേജ് പ്രോഗ്രാമിന്റെ പ്രായോഗിക നടത്തിപ്പിനെക്കുറിച്ച് കെ.ആർ.എൽ.സി.സി അസോസിയേറ്റ് ജനറൽ സെക്രട്ടറി ഫാ.തോമസ് തറയിൽ വിശദീകരിച്ചു. ഫൈനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ ഫാ. ജോസഫ് ചെറുകാക്രാഞ്ചേരിൽ രൂപതയുടെ വാർഷിക ബഡ്ജറ്റവതരണം നടത്തി.

രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ ബൊനവന്തൂര അരാന പിതാവ് മെത്രാസന മന്ദിരത്തെ ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചതിന്റെ 80-ാം വാർഷികത്തോടനുബന്ധിച്ച് രൂപതയിൽ ഈ വർഷം തിരുഹൃദയ വർഷമായി ആചരിക്കുവാൻ പാസ്റ്ററൽ കൗൺസിൽ തീരുമാനിച്ചു. ഈശോയുടെ തിരുഹൃദയ പുന: പ്രതിഷ്ഠ രൂപതയുടെ സമഗ്ര നവീകരണത്തന്, വചനപഠനവും വചനാധിഷ്ഠിത ജീവിതവും ഇടവക നവീകരണത്തിന്, ഞായറാഴ്ച ആചരണവും കൂദാശ സ്വീകരണവും കുടുംബ നവീകരണത്തിന്, യുവജനം രൂപതയുടെ ശക്തി, മിയാവ് രൂപതയുമായുള്ള ലിങ്കേജ് എന്നീ വിഷയങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് സമ്മേളനം ചർച്ച ചെയ്തു. ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങളും കണ്ടെത്തലുകളും അതാത് ഗ്രൂപ്പ് സെക്രട്ടറിമാർ അവതരിപ്പിക്കുകയും അഭിവന്ദ്യ പിതാവ് പ്രതികരണങ്ങൾ നടത്തുകയും ചെയ്തു. റവ. ഫാദേഴ്സ് ജോസഫ് കാനപ്പള്ളി, ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ, സേവ്യർ ചെറുനെല്ലാടി, വിൻസന്റ് പാറമേൽ, സർവ്വശ്രീ ജോൺ തറപ്പേൽ, ചാക്കോ ജോസഫ്, കെ.പി.ജോൺ, ജെയിംസ് ജോസഫ്, വിൽസൺ കാളിപ്പറമ്പിൽ, റവ.സി.ജനിൻ സി.എസ്.എസ്.റ്റി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഫാ.പോൾ ഡെന്നി രാമച്ചംകുടി 2017 സെപ്റ്റംഹർ 9 നു നടന്ന സമ്മേളനത്തിന്റെ റിപ്പോർട്ടവതരിപ്പിച്ചു. ജോയിന്റ് സെക്രട്ടറി ഷിബു ജോസഫ് സ്വാഗതം പറഞ്ഞു. ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന കമ്മറ്റിയംഗം കെ.കെ.റെജി കൃതജ്ഞതയർപ്പിച്ചു. രൂപതാ പി.ആർ.ഓ ഹെൻറി ജോൺ പരിപാടികളുടെ അവതാരകനായിരുന്നു. ■

# ക്രൂശിതന്റെ സ്നേഹതലോടൽ

*ബ്രദർ ടോണി റാഫേൽ മൂട്ടൂർ*

കാരിരുമ്പാണിയാൽ കഴുമരത്തിൽ തറയ്ക്കുവാൻ
കാരണമെൻ പാപമാണേ സ്നേഹിതാ.....
കൂരിരുൾ പാർപ്പിലും കളങ്കമാമെൻ ഹൃത്തിലും
ശോഭയാകാൻ വെൺമയേകാൻ ക്രൂശിലേറിയ സ്നേഹിതാ......
"പുതിയ ജന്മം, നന്മതൻ കിരണം, ഈ തപസ്സുകാലം
നല്കി നീ എൻ ജീവിതത്തിൻ വഴിത്താരയായി"
തപസ്സുകാല നാളുകളെൻ പുതിയജന്മത്തിനോർമ്മയാ
എന്റെ ജീവിതം പുതുമയാക്കാൻ പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റിയ ക്രൂശിതാ
നിൻ സഹനവേളകളോർക്കുവാൻ ദാനമാകുമീജീവിതത്തിനു നന്ദിയേകുവാൻ
അങ്ങു നല്കിയ തപസ്സുകാലം പുതിയജന്മത്തിനോർമ്മയാക്കണേ..
"പുതിയ ജന്മം, നന്മതൻ കിരണം, ഈ തപസ്സുകാലം
നല്കി നീ എൻ ജീവിതത്തിൻ വഴിത്താരയായി"
വേദനയാൽ വിറയ്ക്കുന്ന ജീവിതം മുറിവുകളാൽ നീറുന്ന ജീവിതം
ക്രൂശിതനിൽ ചേർത്തുവയ്ക്കാൻ അനുവധിക്കും കാരുണ്യമേ....
ക്രൂശിതാ, നിന്നിൽ ചേർത്തുവയ്ക്കുമീ ജീവിതം തത്ക്ഷണം
സാധ്യമാകും....., വിടുതലേകും........, അദ്ഭുതത്തിനുറവയായിടും....
"പുതിയ ജന്മം, നന്മതൻ കിരണം, ഈ തപസ്സുകാലം
നല്കി നീ എൻ ജീവിതത്തിൻ വഴിത്താരയായി"
ക്രൂശിതാ നിൻ സ്നേഹസ്പർശം, നിൻ ദിവ്യ സാന്നിധ്യം
അനുഭവിക്കാനിടവരുത്തണെ, നാഥാ ഈ തപസ്സുകാലത്തിൽ
എന്റെ ജീവിതയാതനകൾ, വേദനതൻ നിഴലുകൾ
ക്രൂശിതന്റെ സ്നേഹസ്പർശമായിടട്ടെ, ഈ തപസ്സുകാലം
"പുതിയ ജന്മം, നന്മതൻ കിരണം, ഈ തപസ്സുകാലം
നല്കി നീ എൻ ജീവിതത്തിൻ വഴിത്താരയായി"



ഹെലിബെറിയാ സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ ആശീർവ്വാദ വേള

# 2018–ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

*"അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തു പോകും" (മത്താ 24:12)*

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പെസഹാ ഒരിക്കൽക്കൂടി അടുത്തുവരുന്നു. ഈസ്റ്ററിനുവേണ്ടിയുള്ള "നമ്മുടെ തയ്യാറെടുപ്പിൽ ഓരോ വർഷവും മാന സാന്തരത്തിനുള്ള കൗദാശിക അടയാള"മെന്ന നിലയിൽ നോമ്പുകാലമെന്ന ഒരു കാലഘട്ടം നമുക്ക് ദൈവം തന്റെ പരിപാലനയിൽ നല്കുന്നു. ജീവിതത്തിന്റെ എല്ലാമേഖലയിലും മുഴുഹൃദയത്തോടെ കർത്താവിലേക്കു തിരിച്ചുവരാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കൃപാവരത്തിന്റെ ഈ കാലഘട്ടത്തെ സന്തോഷത്തിലും സത്യത്തിലും പുതുതായി അനുഭവിക്കാൻ മുഴുവൻ സഭയെയും ഈ സന്ദേശത്തോടെ വീണ്ടും സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വാക്കുകൾ സൂചനയായി ഞാൻ ഉപയോഗിക്കുന്നു: "അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)

ഈ വാക്കുകൾ ക്രിസ്തുവിന്റെ പ്രഭാഷണത്തിൽ ലോകാവസാനത്തെ സംബന്ധിച്ചുള്ളവയായി തോന്നുന്നു. ജറുസലെമിൽ ഒലിവുമലയിൽവച്ചു പറഞ്ഞതാണ് ആ വാക്കുകൾ. അവിടെ വച്ചാണ് കർത്താവിന്റെ പീഡാസഹനം തുടുങ്ങാനിരുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിന് ഉത്തരമായിരുന്നു യേശു വിന്റെ വിവരണം. വലിയ ക്ലേശങ്ങളിൽ വ്യാജപ്രവാചകന്മാർ ആളുകളെ ചിതറിക്കും. സുവിശേഷത്തിന്റെ കാതലായ പരസ്നേഹം അനേകരുടെ ഹൃദയങ്ങളിൽ തണുത്തു മരവിച്ചുപോകും.

### വ്യാജപ്രവാചകന്മാർ

ആ സുവിശേഷഭാഗത്തെ നമുക്ക് ശ്രദ്ധിക്കുകയും അത്തരം വ്യാജപ്രവാചകന്മാർക്ക് സ്വീകരിക്കാൻ കഴിയുന്ന കപടവേഷം മനസ്സിലാക്കുകയും ചെയ്യാം.,

"പാമ്പുപിടിത്തക്കാരെ"പ്പോലെ കാണപ്പെടാൻ അവർക്ക് കഴിയും. മറ്റുള്ളവരെ അടിമകളാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് അവരെ നയിക്കാനും വേണ്ടി മാനുഷികവികാരങ്ങളെ ദുരുപയോഗിക്കാൻ അവർക്കു കഴിയും. എത്രയോ ദൈവമക്കളാണ് നിമിഷനേരത്തേക്കുള്ള സുഖങ്ങളാൽ വശീകരിക്കപ്പെടുന്നത്! അവ യഥാർഥസുഖങ്ങളാണെന്ന് അവർ തെറ്റിദ്ധരിക്കുന്നു. 'എത്രയോ സ്ത്രീപുരുഷന്മാരാണ് സമ്പത്തിനെക്കുറിച്ചുള്ള സ്വപ്നത്താൽ ആകർഷിക്കപ്പെടുന്നത്! സമ്പത്താകട്ടെ, അവരെ ലാഭത്തിന്റെയും നിസ്സാര താത്പര്യങ്ങളുടെയും അടിമകളാക്കുന്നു. തങ്ങൾ സ്വയംപര്യാപ്തതയുള്ളവരാണെന്നു കരുതി ജീവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർ ഏകാന്തതയെന്ന കെണിയിൽ പെടുന്നു.'

വ്യാജപ്രവാചകന്മാർക്ക് "മുറിവൈദ്യന്മാരാ"യിരിക്കാനും കഴിയും. അവർ സഹനത്തിന് എളുപ്പമുള്ള താത്കാലിക പരിഹാരം നല്കും. അത് തികച്ചും ഉപയോഗശൂന്യമാണെന്ന് പെട്ടെന്നു തെളിയുകയും ചെയ്യും. ലഹരിവസ്തുക്കളെ സർവരോഗ സംഹാരികളായി കരുതുന്ന എത്രയോ യുവാക്കളുണ്ട്! വലിച്ചെറിയാവുന്ന ബന്ധങ്ങളെയും എളുപ്പമുള്ളതും സത്യസന്ധമല്ലാത്തതുമായ ലാഭങ്ങളെയും അപ്രകാരം കരുതുന്ന എത്രമാത്രം ചെറുപ്പക്കാരുണ്ട്. എത്രയോ പേർ യഥാർഥമല്ലാത്ത അസ്തിത്വത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നു. അതിൽ ബന്ധങ്ങൾ ക്ഷിപ്രസാധ്യവും ഋജുവുമെന്നു തോന്നും; പക്ഷേ, തികച്ചും അർഥശൂന്യമാണെന്നു തെളിയും. കബളിപ്പിക്കുന്ന നിസ്സാരവസ്തുക്കൾ കച്ചവടം ചെയ്യുന്ന ഇവർ ഏറ്റവും വിലപ്പെട്ട മഹത്ത്വം, സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള കഴിവ് എന്നിവ പിടിച്ചു പറിക്കുന്നു. അവർ നമ്മുടെ പൊള്ളയായ സ്വാഭിമാനഭാവത്തെയും ബാഹ്യരൂപത്തിലുള്ള വിശ്വാസത്തെയും ആകർഷിക്കുന്നു. പക്ഷേ, അവസാനം അവ നമ്മെ വിഡ്ഢികളാക്കുകയേ ഉള്ളൂ. ഇതിൽ നമ്മൾ വിസ്മയിക്കേണ്ടതില്ല. എന്തെന്നാൽ "നുണയുടെ പിതാവായ പിശാച്" (യോഹ 8:44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാവുന്നുണ്ടോയെന്ന് ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അടുത്തുചെന്നു നോക്കണം മുകൾപ്പരപ്പിനടിയിൽ നോക്കണം; നമ്മുടെ ഹൃദയത്തിൽ നല്ലതും സ്ഥിരവുമായ മുദ്ര പതിപ്പിക്കുന്നതിനെ തിരിച്ചറിയണം. അങ്ങനെയുള്ളത് ദൈവത്തിൽനിന്നു വരുന്നതാണ്; യഥാർഥത്തിൽ നമ്മുടെ ഉപകാരത്തിനുവേണ്ടിയുള്ളതുമാണ്.

**തണുത്ത ഹൃദയം**

ദാന്തെ അലിഗേരി എന്ന ഇറ്റാലിയൻ മഹാകവി നരകത്തെ വർണിക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തുറഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരിക്കുന്നു. നമ്മിൽ പരസ്നേഹം എങ്ങനെ തണുത്തുറഞ്ഞുപോകുമെന്ന് നമ്മോടു തന്നെ നാം ചോദിക്കണം.നമ്മുടെ സ്നേഹം തണുക്കാൻ തുടങ്ങുന്നുവെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ ഏവയാണ്?

പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തിനുവേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് "എല്ലാ തിന്മയുടെയും വേരാണ്" (1 തിമോ 6:10). അതോടെ ദൈവത്തെയും അവിടത്തെ സമാധാനത്തെയും ഉപേക്ഷിക്കും; അവിടത്തെ വാക്കിലും കൂദാശകളിലും കാണുന്ന ആശ്വാസത്തെക്കാൾ കൂടുതലായി നമ്മുടെ ഒറ്റപ്പെടലിനെ ആഗ്രഹിച്ചുപോകും. നമ്മുടെ "ഉറച്ച തീരുമാനങ്ങൾക്ക്" ഭീഷണി ഉയർത്തുന്ന എന്തിനും എതിരേയുള്ള അക്രമത്തിലേക്ക് ഇതെല്ലാം നയിക്കുന്നു: ജനിക്കാനിരിക്കുന്ന കുട്ടി, വൃദ്ധജനം, രോഗികൾ, കുടിയേറ്റക്കാർ, അപരിചിതർ അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷയനുസരിച്ചു ജീവിക്കാത്ത അയല്ക്കാർ എന്നിവർക്ക് എതിരേ ഉള്ള അക്രമത്തിലേക്കു തന്നെ.

സൃഷ്ടിതന്നെ പരസ്നേഹത്തിന്റെ തണുത്തുറയ്ക്കലിന്റെ നിശ്ശബ്ദസാക്ഷിയായിത്തീരുന്നു. ശ്രദ്ധയില്ലായ്മകൊണ്ടോ സ്വാർഥതാത്പര്യംകൊണ്ടോ വലിച്ചെറിയുന്നവ ഭൂമിയെ മലിനമാക്കുന്നു; കടലുകൾ മലിനമാക്കുന്നു.

നിർബന്ധിച്ചു കുടിയേറ്റപ്പെടുന്നവരുടെ അസംഖ്യം കപ്പൽ അപകടങ്ങളുടെ അവശിഷ്ടങ്ങളെ കടൽ വിഴുങ്ങുന്നു. തന്റെ സ്തുതികൾ പാടാൻവേണ്ടി ദൈവം സൃഷ്ടിച്ച ആകാശം മരണകരമായ വസ്തുക്കൾ പെയ്യുന്ന യന്ത്രങ്ങൾ വാടകയ്ക്കെടുത്തിരിക്കുകയാണ്.

നമ്മുടെതന്നെ സമൂഹത്തിലും സ്നേഹം തണുത്തു പോകാം. ഈ സ്നേഹമില്ലായ്മയുടെ ഏററവും വ്യക്തമായ അടയാളങ്ങളെ എവാഞ്ചെലീ ഗാവുദിയും (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. സ്വാർത്ഥത, ആധ്യാത്മികമാന്ദ്യം, വന്ധ്യമായ അശുഭാപ്തി വിശ്വാസം, തന്നിൽത്തന്നെ മുഴുകാനുള്ള പ്രലോഭനം, നമ്മുടെയിടയിൽത്തന്നെ നിരന്തരപോരാട്ടം, ബാഹ്യരൂപങ്ങളിൽ മാത്രം താത്പര്യം കാണിക്കുകയും അങ്ങനെ നമ്മുടെ പ്രേഷിതത്വപരമായ ഉത്സാഹത്തെ കുറയ്ക്കുകയും ചെയ്യുന്ന ലൗകിക മനോഭാവം എന്നിവയാണ് ആ അടയാളങ്ങൾ.

**നാം എന്താണു ചെയ്യേണ്ടത്?**

ഞാൻ ഇപ്പോൾ വിവരിച്ച അടയാളങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും നാം കാണുന്നുണ്ടായിരിക്കാം. എന്നാൽ നമ്മുടെ അമ്മയും അധ്യാപികയുമായ സഭ മിക്കപ്പോഴും കയ്പുള്ള സത്യമാകുന്ന മരുന്നിനോടൊപ്പം രോഗശമനത്തിനുള്ള മറുമരുന്നും നമുക്കു നല്കുന്നുണ്ട്. പ്രാർത്ഥന, ധർമദാനം, ഉപവാസം എന്നിവയാണ് ആ മറുമരുന്നുകൾ.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുടെ ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീസഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമദാനം നമ്മിൽ ഓരോരുത്തരുടെയും യഥാർഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക പിന്തുടരണം. സഭയിലുള്ള കൂട്ടായ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്ത്യർക്കു നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനംചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കു തന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10). ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണത്. നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിണം. നാം ധർമം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവി

ടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പു സഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരനെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

കത്തോലിക്കാസഭയുടെ അതിരുകൾക്ക് അപ്പുറത്തുള്ളവരെയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ മനസ്സുതുറന്നിട്ടുള്ള സന്മനസ്സുള്ള എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ, ഞങ്ങളെപ്പോലെ നിങ്ങളും ലോകത്തിൽ അധർമത്തിന്റെ പെരുപ്പംമൂലം അസ്വസ്ഥതയുള്ളവരാകാം. ഹൃദയങ്ങളെയും പ്രവർത്തനങ്ങളെയും തളർത്തുന്ന തണുപ്പിനെപ്പറ്റി നിങ്ങൾക്കും ഉത്കണ്ഠയുണ്ടാകാം. ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന ബോധം ദുർബലപ്പെടുന്നതായി നിങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട്, ദൈവത്തോടു യാചിക്കുന്നതിലും ഉപവസിക്കുന്നതിലും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടതെല്ലാം നല്കുന്നതിലും ഞങ്ങളോടു സഹകരിക്കുക.

## ഈസ്റ്ററിന്റെ അഗ്നി

സർവോപരി, ധർമദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്നു ശക്തി സ്വീകരിച്ചു നോമ്പുകാലതീർത്ഥാടനങ്ങൾ നടത്തുവാൻ സഭാംഗങ്ങളെ ഞാൻ നിർബന്ധിക്കുന്നു. പരസ്നേഹത്തിന്റെ തീജ്വാല നിങ്ങളുടെ ഹൃദയത്തിൽ ചിലപ്പോൾ കെട്ടുപോകുന്നതായി തോന്നിയാൽ ദൈവത്തിന്റെ ഹൃദയത്തിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ലെന്ന് അറിഞ്ഞിരിക്കുവിൻ! വീണ്ടും സ്നേഹിച്ചു തുടങ്ങാനുള്ള അവസരം അവിടന്ന് നിരന്തരം നല്കുന്നുണ്ട്.

കൃപാവരത്തിന്റെ അത്തരമൊരു നിമിഷമായിരിക്കും ഈ വർഷവും വീണ്ടും നടത്തേണ്ട "24 മണിക്കൂർ കർത്താവിനുവേണ്ടി" എന്ന കർമം. ദിവ്യകാരുണ്യാരാധനയുടെ സാഹചര്യത്തിൽ അനുരഞ്ജന കൂദാശ ആഘോഷിക്കാൻ അത് മുഴുവൻ സഭാസമൂഹത്തെയും ക്ഷണിക്കുന്നു. അത് 2018 മാർച്ച് 9 വെള്ളി മുതൽ മാർച്ച് 10 ശനിവരെ നടക്കും. സങ്കീർത്തനം 130:4-ൽ പറയുന്ന "അങ്ങു പാപം പൊറുക്കുന്നവനാണ്" എന്ന വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടതാണത്. ഓരോ രൂപതയിലും ഒരു ദേവാലയമെങ്കിലും തുടർച്ചയായി 24 മണുക്കൂറും തുറന്നിട്ടിരിക്കണം - ദിവ്യകാരുണ്യാരാധനയ്ക്കും കൗദാശിക ഏറ്റുപറച്ചിലിനും വേണ്ടിത്തന്നെ.

ഈസ്റ്ററിന്റെ ജാഗരണദിവസം ഈസ്റ്റർ തിരി കത്തിക്കൽ എന്ന വികാരഭരിതമായ കർമം ഒരിക്കൽക്കൂടി നടത്തും. "പുതിയ തീയിൽ" നിന്നെടുത്ത ഈ പ്രകാശം സാവധാനം ഇരുട്ടിനെ കീഴടക്കുകയും ലിറ്റർജിക്കൽ സമ്മേളനത്തെ പ്രകാശിപ്പിക്കുകയും ചെയ്യും. "മഹത്ത്വത്തിൽ ഉയിർക്കുന്ന ക്രിസ്തു

വിന്റെ പ്രകാശം നമ്മുടെ ഹൃദയങ്ങളിലെയും മനസ്സുകളിലെയും ഇരുട്ടിനെ നീക്കിക്കളയട്ടെ." എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാർക്കുണ്ടായ അനുഭവത്തിൽ വീണ്ടും ജീവിക്കാൻ നമ്മെ എല്ലാവരെയും ശക്തരാക്കുകയും ചെയ്യട്ടെ. ദൈവവചനം കേട്ടുകൊണ്ടും ദിവ്യകാരുണ്യമേശയിൽ നിന്നു പോഷണം സ്വീകരിച്ചുകൊണ്ടും നമ്മുടെ ഹൃദയം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ പൂർവാധികം ജ്വലിക്കട്ടെ.

വാത്സല്യത്തോടും നിങ്ങൾക്ക് എല്ലാവർക്കുംവേണ്ടിയുള്ള എന്റെ പ്രാർത്ഥനകളോടും കൂടി ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്.

വത്തിക്കാനിൽ നിന്ന് 1 നവംബർ 2017
സകല വിശുദ്ധരുടെയും തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



ചെങ്ങളം സെന്റ് ജോസഫ്സ് ദൈവാലയത്തിലെ സ്ഥൈര്യലേപനകർമ്മം

| | | |
|---|---|---|
| 03 | (2008) | Fr.Thomas Viruthiyil |
| 05 | (1987) | Fr.Thomas Chalumkal |
| 10 | (1983) | Fr.William OCD |
| 12 | (1951) | Fr.Dositheus OCD |
| 14 | (1995) | Fr.Zacharias Kanjickal |
| 19 | (1991) | Fr.Francis D' Aruja |
| 22 | (1996) | Fr.George Pariyaram |
| 25 | (1969) | Fr.Mathew Naramveli |
| 26 | (1958) | Bishop Bonaventura Arana OCD |
| 27 | (2007) | Fr.Michael Kalathil OCD |

# സിബിസിഐ 33-ാം ജനറൽബോഡി മീറ്റിങ്ങ്
## ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘം
## (സിബിസിഐ)
## ബാംഗ്ലൂർ, ഫെബ്രുവരി 2-9, 2018

കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി
വൈവിധ്യത്തിൽ ഐക്യപ്പെട്ട്:
"യുഗാവസാനം വരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ
ഉണ്ടായിരിക്കും" (മത്താ 28:20).

## അന്തിമ പ്രസ്താവന

**മുഖവുര**

നമ്മുടെ ജനറൽ ബോഡി മീറ്റിങ്ങിന്റെ പ്രമേയം ത്രിത്വരഹസ്യത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ നേരിട്ടു ക്ഷണിക്കുന്നു. നമ്മുടെ ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തികളിൽ ഐക്യപ്പെട്ടിരിക്കുന്ന ഏക ദൈവമെന്ന മഹാരഹസ്യമാണ്.

ഇന്ത്യയിലെ കത്തോലിക്കാസഭയുടെ അനന്യമായ സ്വഭാവത്തെ ഓർത്ത് ദൈവത്തിനു നാം നന്ദിപറയുന്നു. അത് മൂന്ന് സ്വയം ഭരണാധികാരമുള്ള (*sui iuris*) സഭകൾ ചേർന്നുണ്ടായതാണ്. പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയെക്കുറിച്ച് ജീവിതത്തിലും ദൗത്യത്തിലും ചിന്തിക്കാൻ ഈ സഭകൾ വിളിക്കപ്പെട്ടിരിക്കുന്നു.

ഈ വീക്ഷണത്തിൽ വേരുറച്ചവരായി ഞങ്ങൾ, ഇന്ത്യയിലെ 184 മെത്രാന്മാർ സിബിസിഐയുടെ 33-ാം ജനറൽ ബോഡി മീറ്റിങ്ങിനായി സമ്മേളിച്ചു. ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2018 ഫെബ്രുവരി 2 മുതൽ 9 വരെയുള്ള ദിവസങ്ങളിലായിരുന്നു സമ്മേളനം. അത് പ്രാത്ഥിക്കാനും താഴെപ്പറയുന്ന പ്രമേയത്തെപ്പറ്റി ചിന്തിക്കാനുമായിരുന്നു: "കാരുണ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ദൗത്യത്തിനായി വൈവിധ്യത്തിൽ ഐക്യപ്പെട്ട്: യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20). നമ്മുടെതന്നെ തനിമയെപ്പറ്റിയുള്ള ധാരണയെ ആഴപ്പെടുത്താനും രാഷ്ട്രനിർമിതിക്കായുള്ള നമ്മുടെ സംഭാവനയെ വർധിപ്പിക്കാനുമാണത്: "കണ്ടാലും, യുഗാന്തംവരെ ഞാൻ എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20) എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാൽ ഞങ്ങൾ - ഭാരതീയ കത്തോലിക്കാ മെത്രാന്മാർ - ഉറപ്പും ശക്തിയും കണ്ടെത്തി. 2017 നവംബർ 17 മുതൽ 19 വരെ സമ്മേളിച്ച കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സിസിഐ)യുടെ അന്തിമ പ്രസ്താവനകൾ ഞങ്ങൾ പരിഗണിച്ചു.

**യേശുവിന്റെ ദൗത്യം**

മനുഷ്യവംശത്തെമുഴുവനും ദൈവത്തിന്റെ ഒറ്റ കുടുംബമായി ഐക്യപ്പെടുത്താനും അനുരഞ്ജിപ്പിക്കാനും വന്ന യേശുതന്നെയാണ് സദ്വാർത്ത.

അവിടന്ന് എല്ലാവരെയും സ്നേഹിച്ചവിധത്തിൽ അതായത്, വിശക്കുന്നവരെ തീറ്റിപ്പോറ്റുന്നതിലും അസ്വസ്ഥരെ ആശ്വസിപ്പിക്കുന്നതിലും പാർശ്വവത്കരിക്കപ്പെട്ടവരുടെ മഹത്ത്വത്തെ വളർത്തുന്നതിലും, രോഗികളെ സുഖപ്പെടുത്തുന്നതിലും പ്രത്യാശ ഇല്ലാത്തവർക്ക് പ്രത്യാശ നല്കുന്നതിലും അടിമകൾക്കു സ്വാതന്ത്ര്യം നല്കുന്നതിലും പാപികൾക്കു പാപപ്പൊറുതി നല്കുന്നതിലും ദരിദ്രർക്ക് നീതി നല്കുന്നതിലും മരിച്ചവർക്ക് ജീവൻ നല്കുന്നതിലും ദൈവത്തെ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചു.

**ഭാരതത്തിലെ സഭ**

ഭാരതത്തിലെ സഭ യേശുവിന്റെ അപ്പസ്തോലനായ വിശുദ്ധ തോമായിലൂടെ വിശ്വാസമെന്ന ദാനം സ്വീകരിച്ചു. പ്രേഷിതപ്രവർത്തനത്തിന്റെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെപ്പോലുള്ള മഹാന്മാരായ അനേകം വിശുദ്ധരുടെ പരിശ്രമങ്ങൾ വഴി നമ്മുടെ ക്രൈസ്തവവിശ്വാസം പോഷിപ്പിക്കപ്പെടുകയും ശക്തമാക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ ക്രൈസ്തവവിശ്വാസം ക്രിസ്തുമതത്തോളം പഴക്കമുള്ളതാണെന്ന് ശക്തിയുക്തം ഉറപ്പിച്ചു പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യ ഇന്ന് എന്തായിരിക്കുന്നുവോ അത് ഇന്ത്യയിലെ സഭയുടെ സംഭാവനകൊണ്ടുകൂടിയാണ്.

സഭ മാന്യവും കാര്യക്ഷമവുമായ സേവനം ചെയ്തിട്ടുണ്ടെന്നതിന് തെളിവുണ്ട്. അതുകൊണ്ട് സഭയെ ഇന്ത്യയ്ക്ക് ആവശ്യമുണ്ടെന്നതു വ്യക്തമാണ്. നമ്മുടെ ഗുരുവായ യേശുവിനെ അനുകരിച്ച് സഭാംഗങ്ങൾ മാതൃരാജ്യത്തോടുള്ള സ്നേഹം തുടർന്നുകൊണ്ടിരിക്കുന്നു. അവൾ ഓരോ ദരിദ്രനിലേക്കും ഓരോ അധഃകൃതനിലേക്കും എത്തിച്ചേരുന്നുണ്ടല്ലോ. എല്ലാ ജനങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണെന്ന് സഭ വിശ്വസിക്കുന്നു. യേശുതന്നെ നമ്മെ പഠിപ്പിച്ചിട്ടുള്ളതുപോലെതന്നെ: "നീ നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" (മത്താ 22:39). ദരിദ്രരെ ശക്തിപ്പെടുത്തൽ, മനുഷ്യമഹത്ത്വത്തെ വളർത്തൽ എന്നിവ നമ്മുടെ ഭരണഘടനയിൽ സൂക്ഷിച്ചിട്ടുള്ള മൂല്യങ്ങളാണ്. സഭയും തന്റെ ദൗത്യത്തിൽ അങ്ങനെ ചെയ്യുന്നുണ്ട്. സഭ തന്റെ പ്രവർത്തനങ്ങളിലൂടെ നിർവഹിക്കുന്ന ദൗത്യത്തിന് ഒരു ലക്ഷ്യമേ ഉള്ളൂ. സത്യം, നീതി, സ്നേഹം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള സമാധാനത്തിന്റെ നാലുസ്തംഭങ്ങളിൽ നമ്മുടെ രാഷ്ട്രത്തെ വളർത്തുകയെന്നതാണത് (cf വിശുദ്ധ ജോൺ 23-ാമൻ, "ഭൂമിയിൽ സമാധാനം").

**യഥാർഥ ദേശീയതാവാദത്തെയും ഭരണഘടനാപരമായ മതേതരത്വത്തെയും മനസ്സിലാക്കൽ**

ഏതെങ്കിലും ഒരു പ്രത്യേക സംസ്കാരത്തെയോ മതത്തെയോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ദേശീയതാവാദത്തെ വളർത്താനുള്ള ഏതു പരിശ്രമവും അപകടകരമാണ്. അത് ഐകരൂപ്യത്തിലേക്കു നയിച്ചേക്കാം; പക്ഷേ ഒരിക്കലും യഥാർഥഐക്യത്തിലേക്കു നയിക്കുകയില്ല. മിഥ്യാധാരണാപരമായ അത്തരം പരിശ്രമങ്ങൾ നമ്മുടെ രാഷ്ട്രത്തെ സ്വയം നശീകരണത്തിന്റെ പാതയിലൂടെയേ നയിക്കുകയുള്ളൂ. സമാധാനം, പുരോഗതി, വികസനം എന്നിവയ്ക്കായുള്ള അന്വേഷണത്തിൽ ഏകസംസ്കാരവാദം ശരിയായ ഉത്തരമായിരുന്നിട്ടില്ല, ആയിരിക്കയുമില്ല. പ്രത്യേകിച്ച് സംസ്കാ

രവൈവിധ്യം, ഭാഷ, ദേശം, വംശം, മതം എന്നിവയുടെ സമ്പന്നമായ ഒരു രാജ്യത്ത് ഒരിക്കലുംഅങ്ങനെ ആവുകയില്ല. അക്രമം എപ്പോഴും അക്രമിയിലേക്കു തിരിച്ചുവരും - പെട്ടെന്നോ പില്ക്കാലത്തോ അങ്ങനെ സംഭവിക്കും. "എന്തെന്നാൽ വാൾ എടുക്കുന്നവൻ വാളാൽ മരിക്കും" (മത്താ 26:52). സ്ത്രീകൾക്കെതിരേ നടക്കുന്ന ക്രൂരകൃത്യങ്ങളെയും കൊലകളെയും വംശീയ മാത്സര്യങ്ങളെയും ക്രൈസ്തവസ്ഥാപനങ്ങൾക്കും സമുദായങ്ങൾക്കുമെതിരേയുള്ള സാമുദായിക അക്രമങ്ങളെയും ഞങ്ങൾ അപലപിക്കുന്നു. നമുക്ക് യഥാർഥമായ ദേശീയതാവാദത്തിന്റെ പാത പിന്തുടരാം. അത് നമ്മുടെ മാതൃരാജ്യത്തെ യഥാർഥ സമാധാനത്തിലേക്കും സമന്വയത്തിലേക്കും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും നയിക്കും. യഥാർഥ ദേശീയതാവാദം ഓരോ പൗരന്റെയും മാനുഷിക മഹത്ത്വത്തെ ആദരിക്കുന്നു. സാമ്പത്തികസ്ഥിതിയോ സംസ്കാരമോ മതമോ ദേശമോ ഭാഷയോ പരിഗണിക്കാതെ അങ്ങനെ ചെയ്യുന്നു.

നമ്മുടെ ഭാരതീയ ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള നിയമവാഴ്ചയെ ഉയർത്തിപ്പിടിക്കാൻ സന്മനസ്സുള്ള എല്ലാ മനുഷ്യരെയും നിർബന്ധിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അക്രമത്തിന്റെ അന്തരീക്ഷത്തിൽ സമാധാനത്തിനുവേണ്ടി ജനക്കൂട്ട സംസ്കാരവും ജനക്കൂട്ടം നിയമം കയ്യിലെടുക്കുന്നതും ഒഴിവാക്കാൻ നമ്മുടെ എല്ലാ സഹപൗരന്മാരോടും ഞങ്ങൾ അഭ്യർഥിക്കുന്നു. നമ്മുടെ രാജ്യത്ത് എല്ലാവരുടെയും പുരോഗതിയും വികസനവും ഉറപ്പുവരുത്താനും പരിസ്ഥിതി സംരക്ഷിക്കാനും വേണ്ടി നിയമവും ക്രമസംവിധാനവും നിലനിറുത്താൻ സർക്കാർ ചെയ്യുന്ന എല്ലാ പരിശ്രമങ്ങളെയും ഞങ്ങൾ വിലമതിക്കുകയും അവയോട് സഹകരിക്കുകയും ചെയ്യുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമായ വാക്കുകളിലൂടെ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "ഓരോ വ്യക്തിയുടെയും ആവശ്യത്തിനുവേണ്ടത് ലോകത്തിലുണ്ട്. എന്നാൽ ഓരോ വ്യക്തിയുടെയും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ വേണ്ടത് ലോകത്തിലില്ല."

**മനുഷ്യജീവൻ എന്ന അമൂല്യദാനം**

ദൈവം തന്ന അമൂല്യദാനമായ മനുഷ്യജീവന്റെ പരിപൂർണവും അതിശായിത്വപരവുമായ മൂല്യത്തെ ക്രൈസ്തവസമൂഹം ഉയർത്തിപ്പിടിക്കുന്നു. അതുകൊണ്ട് മനുഷ്യജീവന് എതിരായ ഒരു ആക്രമണവും ഒരിക്കലും ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാവുകയില്ല. വ്യത്യസ്ത വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അടിസ്ഥാനത്തിൽ അത് ഒരിക്കലും നീതീകരിക്കാനും സാധ്യമല്ല. നമ്മുടെ പ്രിയപ്പെട്ട മാതൃരാജ്യത്തിലെ ഓരോ വ്യക്തിയുടെയും ജീവനെ വിലമതിക്കുകയും സംരക്ഷിക്കുകയും വേണം.

**സഭയുടെ കാരുണ്യദൗത്യം**

ദൈവത്തിന്റെ ഹൃദയത്തിൽനിന്നു മാത്രമാണ് കാരുണ്യം ഒഴുകുന്നത്. യേശുക്രിസ്തുവിന്റെ കുരിശിലൂടെ അത് ഒഴുകുന്നു. ആ കാരുണ്യത്തിനുമാത്രമേ മുറിവേറ്റ മനുഷ്യഹൃദയങ്ങളെ സുഖപ്പെടുത്താനും വ്യക്തികളും സമുദായങ്ങളും തമ്മിലുണ്ടാകുന്ന ബന്ധങ്ങളുടെ തകർച്ച പരിഹരിക്കാനും നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടവരെ ദുരിതത്തിൽനിന്നു രക്ഷിക്കാനും സാധിക്കുകയുള്ളൂ. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായ ഞങ്ങൾ

അപകടകരമായ ഈ അവസ്ഥ നേരിടുമ്പോൾ കാരുണ്യത്തിന്റെ യഥാർഥ സാക്ഷികളാകാൻ ശപഥംചെയ്യുന്നു. കാരുണ്യമാണ് സുവിശേഷത്തിന്റെ സത്തയും ക്രൈസ്തവ ശിഷ്യത്വത്തിന്റെ പ്രകാശനവും. കൽക്കട്ടയിലെ വിശുദ്ധ തെരേസയുടെ മൃദുലമായ കൈകളും ചുളിവുള്ള മുഖവും ഇൻഡോറിലെ വാഴ്ത്തപ്പെട്ട റാണിമരിയയുടെ രക്തസാക്ഷിത്വവും ഇതിനു സാക്ഷ്യം വഹിക്കുന്നു.

ക്രൈസ്തവരായ ഞങ്ങൾ രാഷ്ട്രത്തിനുവേണ്ടി - പ്രത്യേകിച്ച് ദളിതർ ഗോത്രവർഗക്കാർ, പിന്നോക്കം നില്ക്കുന്ന മറ്റു ജനസമൂഹങ്ങൾ എന്നിവർക്കുവേണ്ടി - ചെയ്യുന്ന സേവനത്തിൽ ഞങ്ങളുടെ സഹപൗരന്മാരുമായി കൈകോർത്തു പിടിക്കുന്നു. നമ്മുടെ ജനതയുടെ യഥാർഥ മാനുഷിക വികസനം ഉറപ്പാക്കാൻ വേണ്ടിയാണത്. ആ വികസനം കേവലം സാമ്പത്തിക മാനദണ്ഡങ്ങളനുസരിച്ചല്ല, പിന്നെയോ മാനുഷിക മാനദണ്ഡമനുസരിച്ചാണ് അളക്കപ്പെടുന്നത്.

ഏതു തരത്തിലുമുള്ള ഇടുങ്ങിയ ആഭ്യന്തര മതിൽക്കെട്ടുകൾക്ക് അപ്പുറത്തേക്ക് ഇറങ്ങാൻ നമുക്ക് എല്ലാവർക്കും ശപഥംചെയ്യാം. യഥാർഥത്തിൽ മതേതരത്വപരവും സോഷ്യലിസപരവും ജനാധിപത്യപരവുമായ ഒരു രാഷ്ട്രം സ്ഥാപിക്കാൻ വേണ്ടിയാണത്. ഇന്ത്യൻ ഭരണഘടനയിൽ പ്രതിഷ്ഠിച്ചിട്ടുള്ള തരത്തിലുള്ള രാഷ്ട്രം തന്നെ.

**സഭയിലും രാഷ്ട്രത്തിലും വൈവിധ്യങ്ങളുടെയിടയിൽ ഐക്യപ്പെട്ടു ജീവിക്കാൻ ഞങ്ങൾ താഴെപ്പറയുന്ന നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു:**

1. ശിഷ്യത്വപരമായ നമ്മുടെ ക്രൈസ്തവജീവിതം എല്ലാ തലങ്ങളിലും ആഴപ്പെടുത്താനും തീവ്രതയുള്ളതാക്കാനും അതിനായി നിരന്തരം പ്രാർഥിക്കുന്ന സമുദായമായി നിലനിന്നുകൊണ്ട് ത്രിത്വാത്മകവിശ്വാസത്തിനു ചേർന്ന വിധം എപ്പോഴും വൈവിധ്യത്തിൽ ഐക്യത്തോടെ ജീവിക്കണം.

2. അല്മായരും സന്ന്യസ്തരും വൈദികരും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണം. എല്ലാതലങ്ങളിലും ആ കൂട്ടായ്മ സഭാജിവിതത്തന്റെ മാർഗമാണെന്ന് ഉറപ്പുവരുത്തണം.

3. ലഘുക്രൈസ്തവസമൂഹങ്ങളെയും (SCCs) കുടുംബയൂണിറ്റുകളെയും വളർത്തുകയും തീവ്രതരമാക്കുകയും വേണം. വിശ്വാസികളുടെ സമഗ്രമായ, സർവതലസ്പർശിയായ, പരിശീലനത്തിനും മതാന്തര സഹകരണത്തിനും സമാധാനത്തിനും സമന്വയത്തിനും വേണ്ടിയാണത്.

4. ലോകത്തിൽ കുടുംബങ്ങൾ നടത്തുന്ന സുവിശേഷവത്കരണ ദൗത്യത്തിൽ അവരോടൊപ്പമായിരിക്കുകയും അവ സഭയുടെ അജപാലനശുശ്രൂഷയുടെ ശ്രദ്ധാകേന്ദ്രമായിത്തീരുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ക്ലേശിച്ചു കഴിയുന്ന കുടുംബങ്ങളോട് സവിശേഷശ്രദ്ധയും സഹതാപവും കാണിക്കണം. ഉത്തരവാദിത്വപൂർണമായ പിതൃത്വത്തെക്കുറിച്ച് അവർക്ക് വെളിച്ചം നല്കണം.

5. നമ്മുടെ യുവജനത്തെ യഥാർഥ ക്രൈസ്തവജീവിതത്തെക്കുറിച്ചുള്ള ദർശനംകൊണ്ടു നിറയ്ക്കണം. സഭയിലും സമൂഹത്തിലും അവർക്കുള്ള

ധർമം നിർവഹിക്കാൻ അവരെ ശക്തരാക്കണം. നമ്മുടെ യുവജനത്തെ ദൈവവചനത്തെയും സഭയുടെ പ്രബോധനങ്ങളെയും സംബന്ധിച്ച അറിവുള്ളവരാക്കിത്തീർത്തുകൊണ്ട് സഭയിൽ സജീവധർമം നിർവഹിക്കാൻ ശക്തിപ്പെടുത്തണം. ഇന്ത്യൻ കാത്തലിക് മൂവ്മെന്റ് (ICYM), മറ്റുള്ള കത്തോലിക്കാ യുവജനപ്രസ്ഥാനങ്ങൾ എന്നിവയിലൂടെ അങ്ങനെ ചെയ്യണം. നമ്മുടെ യുവജനങ്ങളെ ദൈവവിളി തിരിച്ചറിയാനും ജീവിതപാത തിരഞ്ഞെടുക്കാനും സഹായിക്കാനാണത്. യുവജനങ്ങളെ സംബന്ധിച്ച് 2018 ഒക്ടോബറിൽ നടത്താനിരിക്കുന്ന സിനഡിന്റെ പ്രഥമ പ്രമേയം അതാണ്.

6. നമ്മുടെ അല്മായരെയും യുവജനത്തെയും രാഷ്ട്രനിർമാണത്തിന് പ്രോത്സാഹിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യണം. രാഷ്ട്രീയം, സിവിൽ സർവീസ്, രാജ്യരക്ഷ, നിയമം, ജുഡീഷ്യറി എന്നിങ്ങനെയുള്ള ദേശീയ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽ ഉൾപ്പെട്ടുകൊണ്ടാണ് അവർ അങ്ങനെ ചെയ്യേണ്ടത്.

7. സ്ത്രീകൾക്കുള്ള തുല്യമഹത്ത്വത്തെ അംഗീകരിക്കാനും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അല്മായർക്കുള്ള പങ്കിനെ വളർത്താനും ഉതകുന്ന പരിശീലനം സഭയുടെ പരിശീലന ഭവനങ്ങളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

8. സഭയുടെ എല്ലാ സംഘങ്ങളിലും സ്ത്രീകൾക്ക് പര്യാപ്തമായ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

9. സഭയിലും സമൂഹത്തിലും കരുണയുടെ യഥാർഥ സാക്ഷികളായിരിക്കാൻ സെമിനാരി വിദ്യാർഥികളെയും വൈദികരെയും സന്ന്യസ്തരെയും സജ്ജീകൃതരാക്കണം.

10. മതാന്തര സംവാദം വളർത്താനുള്ള എല്ലാ അവസരവും ഉപയോഗിക്കണം. ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തെ വളർത്താൻ ക്രൈസ്തവരായ നാം എല്ലാ പരിശ്രമവും ചെയ്താൽ നമ്മുടെ മതാന്തര സംവാദം കൂടുതൽ വിശ്വസനീയമാകും.

11. എക്യുമെനിക്കൽ ഗ്രൂപ്പുകൾ തമ്മിലുള്ള സംവാദത്തിലൂടെയും പൊതുവായ എക്യുമെനിക്കൽ സേവനങ്ങൾ, പൊതുവായ പ്രാർഥനകൾ, പൊതുവായ പ്രവർത്തനങ്ങൾ എന്നിവയിലൂടെയും ക്രൈസ്തവർ തമ്മിൽ കൂടുതൽ നല്ല സഹകരണം വളർത്താൻ വിവിധ സംരംഭങ്ങൾ തുടങ്ങണം.

12. സഭയുടെയും സമുദായത്തിന്റെയും എല്ലാ മേഖലകളിലും ഇന്ത്യയുടെ ഭരണഘടന കൂടുതൽ വ്യാപകമായി അറിയപ്പെടാൻ പരിശ്രമിക്കണം. എല്ലാ പൗരന്മാരുടെയും തുല്യത, മതസ്വാതന്ത്ര്യം, മനസാക്ഷി സ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ സുപ്രധാന സവിശേഷതകളെ ഉയർത്തിക്കാണിച്ചുകൊണ്ടും അങ്ങനെ ചെയ്യണം.

13 പൊതുസമൂഹത്തിൽ കൂടുതൽ സജീവമായി പ്രവർത്തിക്കാൻ അല്മായരെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. അവരുടെ

വിളിയനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് രാഷ്ട്രനിർമാണത്തിന് അവർ കാര്യക്ഷമമായ സംഭാവന നല്കാനാണത്.

14. വിദ്യാഭ്യാസ മണ്ഡലത്തിൽ കാരുണ്യത്തിന്റെ ദൗത്യം നിർവഹിക്കാനുള്ള നമ്മുടെ സേവനങ്ങൾ തുടരണം. സിബിസിഐയുടെ "All India Catholic Education Policy 2007" എന്ന നയം ബോധപൂർവം നിറവേറ്റാനാണത്. സുവിശേഷമൂല്യങ്ങളെ നല്കാൻവേണ്ടിത്തന്നെ.

15. കത്തോലിക്കാ ഹെൽത്ത് സർവീസുകളെ കാരുണ്യത്തിന്റെയും കഴിയുന്നത്ര സൗഖ്യദാനത്തിന്റെയും ഒരു ദൗത്യമാക്കണം. അത് സഹതാപപൂർണവും പരിരക്ഷണപരവുമായിരിക്കണം. എന്നാലും അത് സുസജ്ജവും സ്വയം നിലനില്ക്കാനാവുന്നതും സഹകരണപരവുമായിരിക്കണം.

16. സിബിസിഐയുടെ ദളിത് ശക്തീകരണ പോളിസി ഓരോ രൂപതയിലും നിറവേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഗോത്രവർഗക്കാരുടെയും മറ്റുള്ള പിന്നാക്കവർഗക്കാരുടെയും സംരക്ഷണത്തിനും സമഗ്രമായ വികസനത്തിനുംവേണ്ടി അധ്വാനിക്കണം. കൃഷിക്കാർ, മീൻപിടിത്തക്കാർ, കുടിയേറ്റക്കാർ എന്നിവരും നിസ്സഹായരും ചൂഷണം ചെയ്യപ്പെട്ടവരുമായവർക്ക് ആശ്വാസവും ക്ഷേമവും നല്കാൻ സവിശേഷസംരംഭങ്ങൾ തുടങ്ങണം. അവരുടെ അസ്വസ്ഥതയിൽ അവർക്ക് ശുശ്രൂഷയും ആശ്വാസവും പ്രത്യാശയും നല്കുവാനാണത്.

17. നമ്മുടെ ക്രൈസ്തവ സമർപ്പണത്തിന്റെയും ആധ്യാത്മികതയുടെയും സത്താപരമായ ഭാഗമെന്ന നിലയിൽ പരിസ്ഥിതിക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച ബോധം വർധിപ്പിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാനും പ്രകൃതിയോടുള്ള സ്നേഹം വർധിപ്പിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങണം. ഫ്രാൻസിസ് മാർപാപ്പായുടെ ചാക്രികലേഖനമായ 'ലാവുദാത്തോ സീ'യിലുള്ള പ്രബോധനങ്ങൾ നിറവേറ്റാൻ ഓരോ രൂപതയും ഒരു പരിസ്ഥിതി നയം രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.

18. തടവറയിലായിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരുടെ ദുരിതാവസ്ഥയെക്കുറിച്ചുള്ള ബോധം സൃഷ്ടിക്കണം. അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുടുംബങ്ങളെ പരിപാലിക്കുന്നതിനും സഹായിക്കണം.

19. സഭയുടെ ഭരണനിർവഹണത്തിന്റെ സകല മണ്ഡലങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം. സമൂഹത്തിലെ സുതാര്യതയ്ക്കായി നിലകൊള്ളുകയും വേണം.

20. നമ്മുടെ എല്ലാ രൂപതകൾക്കും കാര്യക്ഷമമായ ഒരു "ചിന്താകേന്ദ്രം" ഉണ്ടായിരിക്കണം. അടിയന്തിരസ്വഭാവമുള്ള കാര്യങ്ങൾ ഏറ്റെടുക്കാനും ബന്ധപ്പെട്ട എല്ലാവരോടും ഉത്സാഹപൂർവം സംവദിക്കാനുമാണത്.

**ഉപസംഹാരം**

"സഭ നിലകൊള്ളുന്നത് സുവിശേഷവത്കരണം നടത്താനാണ്. അതായത്, പ്രഘോഷിക്കാനും പഠിപ്പിക്കാനും ദൈവകൃപയാകുന്ന ദാനത്തിന്റെ

ചാനലാകാനും പാപികളെ ദൈവവുമായി അനുരഞ്ജിപ്പിക്കാനും വേണ്ടിയാണ്" (വാഴ്ത്തപ്പെട്ട പോൾ 6-ാമൻ, *പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം,* നമ്പർ 14). "സുവിശേഷവത്കരിക്കാനാണ് സഭയും ദൈവശാസ്ത്രവും നില കൊള്ളുന്നത്, ക്ലാസ് റൂം ദൈവ ശാസ്ത്രംകൊണ്ടു തൃപ്തിപ്പെടാനല്ല" (ഫ്രാൻസിസ് മാർപാപ്പാ, *സുവിശേഷത്തിന്റെ സന്തോഷം*, നമ്പർ 133). നമ്മുടെ രാഷ്ട്രത്തിന്റെ വൈവിധ്യത്തിൽ ഐക്യം എന്നതിനുണ്ടാകുന്ന ഗൗരവപൂർണമായ വെല്ലുവിളികളെയും പരാജയങ്ങളെയും നാം നേരിടുന്നുണ്ട്. എങ്കിലും ഭാരതീയരായിരിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു. നാം നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്നു. അതിനുവേണ്ടിയും അതിന്റെ ക്ഷേമത്തിനുവേണ്ടിയും നാം നിരന്തരം പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. വൈവിധ്യത്തിലുള്ള ഐക്യത്തിനായുള്ള പ്രവർത്തനം തുടരാനും സമാധാനവും സമന്വയവും സ്ഥാപിക്കാനും നമ്മുടെ രാജ്യം അതിന്റെ മഹോന്നതമായ വിളിക്കുചേർന്നവിധം ജീവിക്കാനും വേണ്ടിയാണത്. സഭയ്ക്കും സമൂഹത്തിനുംവേണ്ടി നാം ചെയ്യുന്നതെല്ലാം കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ സ്നേഹപൂർണമായ സംരക്ഷണത്തിന് നാം ഏല്പിക്കുന്നു.

**ബസേലിയോസ് കാർഡിനൽ ക്ലീമിസ്**
പ്രസിഡന്റ്
കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ
ഫെബ്രുവരി 9, 2018




# ജന്മദിനാശംസകൾ

**01 Fr.Mathew Subhash Vyakazha**
**02 Fr.Linoose Bivera Chullickaparambil**
**04 Fr.Joseph Kuttikkattil**
**05 Fr.Jose Kaithakuzhy**
**10 Fr.Xavier Cherunelladiyil**
**11 Fr.John Kunnathukuzhy**
**12 Fr.Aji Joseph Cherukakramcheril**
**12 Msgr.Jose Navez**
**22 Fr.Antony Pattapparambil**
**25 Fr.Alexander Kumbalathuparambil**

**ഫാ. ആൽബർട്ട് മാത്യു കുമ്പളോലിൽ**

**രോ**ഗിസന്ദർശനം നടത്തിയ വൈദികന്റെ അനുഭവക്കുറിപ്പ് ഇപ്രകാരമായിരുന്നു. ദൈവത്തിന്റെ കരുണയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും പങ്കുവച്ചപ്പോൾ രോഗിയായ മനുഷ്യൻ ഓർമ്മപ്പെടുത്തി ദൈവത്തിന്റെ സഹനങ്ങളെക്കുറിച്ചും വേദനകളെക്കുറിച്ചും പറയുവാൻ കാരണം താൻ വേദന അനുഭവിക്കുമ്പോൾ നൊമ്പരങ്ങളിലൂടെ കടന്ന് പോയ ദൈവത്തിന്റെ മുഖം ഓർക്കാമല്ലോ, നൊമ്പരങ്ങളിലൂടെ കടന്ന് പോയവർ കൂടെ ഉണ്ടാകുമല്ലോ എന്ന ആശ്വാസം. ഒരാള് കൂടെ ഉണ്ടാകുന്നതല്ലേ ജീവിതത്തിന്റെ ഏറ്റവും വലിയ സന്തോഷം. തപസ്സകാലം ഒരു മരുഭൂമി അനുഭവമാണ്. ഇഷ്ടപ്പെട്ടതിനോടൊക്കെ ഒന്നു വിട പറയുന്ന ദിനങ്ങൾ. വിശുദ്ധ ഗ്രന്ഥം സാക്ഷ്യം നൽകുന്നത് മരുഭൂമി അനുഭവത്തിലൂടെ കടന്നുപോയവർക്ക് ദൈവം കൂടുതൽ സമീപസ്ഥനായിരുന്നുവെന്നാണ്. ഇസ്രായേൽ ജനം കാനാൻ ദേശം ലക്ഷ്യമാക്കി മരുഭൂമിയിലൂടെ യാത്ര ചെയ്തപ്പോൾ ദൈവം പകൽ വഴികാട്ടാൻ മേഘസ്തംഭത്തിലും രാത്രിയിൽ പ്രകാശം നൽകാൻ അഗ്നിസ്തംഭത്തിലും കൂടെ നടന്നു (ഉൽപത്തി 13: 21 -22). ഏലിയ പ്രവാചകൻ ജസെബൽ രാജ്ഞിയുടെ സൈന്യത്തെ ഭയന്ന് മരുഭൂമിയിലേക്ക് പ്രാണരക്ഷാർഥം ഓടി തന്റെ ജീവനെ തിരികെ എടുക്കണമെന്ന് പ്രാർത്ഥിച്ചു തളർന്ന് ഉറങ്ങിയവനെ ദൈവദൂതൻ തട്ടി ഉണർത്തി ചുടുകല്ലിൽ ചുട്ടെടുത്ത അപ്പവും വെള്ളവും നൽകുന്നുണ്ട് (1 രാജാക്കൻമാർ 19:2-8). കൂടെ നടന്ന ദൈവത്തിന്റെ പരിപാലന. നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ക്രിസ്തു പ്രാർത്ഥനയ്ക്കായി ഇറങ്ങിപുറപ്പെട്ടപ്പോൾ, അവൻ വന്യമൃഗങ്ങളുടെ കൂടെ ആയിരുന്നു. ദൈവദൂതൻമാർ അവനെ ശുശ്രൂഷിച്ചു. (മർക്കോസ് 1: 12-12). പിതാവായ ദൈവത്തിന്റെ നിറസാന്നിധ്യം. തപസ്സുകാലം ദൈവം കൂടെ നടക്കുന്ന അനുഭവം തന്നെയാണ്. ദൈവമായ കർത്താവ് ഇസ്രായേൽ ജനത്തെ ഓർമ്മപ്പെടുത്തുകയാണ്. ഞാൻ നിങ്ങളെ മരുഭൂമിയിലൂടെ നയിച്ച നാല്പതു വർഷവും നിങ്ങളുടെ വസ്ത്രം പഴകിക്കീറുകയോ ചെരിപ്പ് തേഞ്ഞ് തീരുകയോ ചെയ്തില്ല. (നിയമാവർത്തനം 29:5) കൂടെ നടക്കുന്ന ദൈവത്തെ കണ്ടെത്തുവാനും അനുഭവിക്കുവാനും ഒരു തപസ്സുകാലം കൂടി.... നൊമ്പരങ്ങളിൽ കൂടെ കരയുന്ന, സന്തോഷത്തിൽ കൂടെ ചേർന്ന് നിൽക്കുന്ന ദൈവം... ആ ദൈവത്തോട് ചേർന്നു നടക്കാം ഈ തപസ്സുകാലത്ത്. ■

# മാർച്ച്: യൗസേപ്പിതാവിന്റെ മാസം

## മാർച്ച് 19: യൗസേപ്പിതാവിന്റെ തിരുനാൾ

## ബുധനാഴ്ച: യൗസേപ്പിതാവിന്റെ ദിവസം

മനുഷ്യനായി അവതരിച്ചത് പുത്രനായ ദൈവമാണെങ്കിലും പിതാവായ ദൈവത്തിന്റെ 'അവതാര'ങ്ങളെ (പ്രതിനിധികളെ) രക്ഷാകര ചരിത്രത്തിൽ കാണാനാവും. അബ്രഹാം, ദാവീദ്,തുടങ്ങിയവർ. അവരുടെ അവസാനത്തെ കണ്ണിയാണ് ദൈവപുത്രന്റെ പിതാവായി അറിയപ്പെടാൻ ഭാഗ്യം ലഭിച്ച, തിരു കുടുംബത്തിന്റെ തലവനും, ദൈവമാതാവിന്റെയും ദൈവപുത്രന്റെയും സംരക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവ്. 'നീതിമാൻ' എന്നാണ് ബൈബിൾ അദ്ദേഹത്തിനു നൽകുന്ന വിശേഷണം. അർഹിക്കുന്നവർക്ക് അർഹതപ്പെട്ടതു നൽകുന്നതാണ് നീതി. ദൈവത്തിനു കൊടുക്കാനുള്ളത് ദൈവത്തിനും, മനുഷ്യർക്കു കൊടുക്കാനുള്ളത് മനുഷ്യർക്കും അദ്ദേഹം നൽകി.

ദൈവത്തിന് ജീവിതത്തിൽ ഏറ്റം മുഖ്യസ്ഥാനം അദ്ദേഹം നൽകി. ഏതു കാര്യത്തിനും ദൈവത്തോടു കൺസൽട്ട് ചെയ്തു. ഉറക്കത്തിൽപോലും ദൈവസ്വരത്തിന് കാതോർത്തു. തന്റെപോലും തീരുമാനത്തെ മാറ്റിവച്ച് അദ്ദേഹം ദൈവത്തിന്റെ തിരുവിഷ്ടം പൂർണ്ണമായി നിറവേറ്റി. അങ്ങനെയാണ് അദ്ദേഹം ദൈവമാതാവിന്റെ ഭർത്താവും ദൈവപുത്രന്റെ സംരക്ഷകനും പരിപാലകനും ആയത്.

ഒപ്പം അദ്ദേഹം മനുഷ്യരിൽ ദൈവത്തെ കണ്ടു. തന്റെ കുടുംബത്തിലുള്ളവരെ-മറിയത്തെയും യേശുവിനെയും ദൈവദാനമായി കണ്ടു. അവരെ അപമാനത്തിനും അക്രമത്തിനും വിട്ടുകൊടുക്കാതെ സ്നേഹിക്കുകയും അവർക്കുവേണ്ടി ജീവിക്കുകയും, അതു ജീവിത ദൗത്യമായി കാണുകയും ചെയ്തു.

മാർച്ച് യൗസേപ്പിതാവിന്റെ മാസമാണ്. മാർച്ച് 19 അദ്ദേഹത്തിന്റെ മരണത്തിരുനാളാണ്. ബുധനാഴ്ച അദ്ദേഹത്തിന്റെ ദിവസമാണ്. വണക്കമാസാചരണത്തിലൂടെയും തിരുനാളാഘോഷത്തിലൂടെയും യൗസേപ്പിതാവിനോടുള്ള പ്രാർത്ഥനയിലൂടെയും നമുക്ക് യൗസേപ്പിതാവിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളാം. അദ്ദേഹത്തെ അനുകരിച്ച് വിശ്വാസവും വിശ്വസ്തതയും നിറഞ്ഞ് ദൈവദൗത്യം നിറവേറ്റി, ദൈവകരുണ വെളിവാക്കി, ദൈവത്തിന്റെ കാര്യസ്ഥരായി ജീവിക്കാം. അതിന് യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് സഹായകമാകട്ടെ.


**Wanted Bride**

**Cheramar Christian Boy**

MA, PGDCA, 28 Years, fair, 162 cm

Mob: **9446985792**

**04822- 250504**



# ഇടവക വാർത്തകൾ

## സെന്റ് ജോസഫ് ചർച്ച് ഏന്തയാർ തിരുബാല സഖ്യദിനാചരണം



11–02–2018 ൽ ഇടവകയിൽ തിരുബാലസഖ്യ ദിനാചരണം നടത്തപ്പെട്ടു. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ വെള്ളഡ്രസ്സും, തിരുബാല സഖ്യ ബാഡ്ജും ധരിച്ചെത്തുകയും ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ബലിയർപ്പണത്തിന്റെ വിവിധതലങ്ങൾക്ക് നേതൃത്വം നൽകി ബലിയർപ്പണത്തെ കൂടുതൽ ഭക്തിസാന്ദ്രമാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട വികാരി റവ.ഫാ. ജോർജ് കളീക്കൽ തിരുബാലസഖ്യദിന സന്ദേശം നൽകി.

മതബോധനക്ലാസ്സിന് ശേഷം റാലി നടത്തപ്പെട്ടു. ബഹുമാനപ്പെട്ട വികാരിയച്ചനും HM സിസ്റ്റർ ജെസ്സി മരിയയും നേതൃത്വം നൽകിയ ദിനാചരണത്തിൽ എല്ലാ മതബോധനകുട്ടികളും അദ്ധ്യാപകരും സസന്തോഷം പങ്കെടുത്തു. HM. സിസ്റ്റർ ജെസിമരിയ എല്ലാവർക്കും മധുരം വിതരണം ചെയ്തതോടുകൂടി ആഘോഷങ്ങൾക്ക് സമാപനമായി. ഇതിനോടനുബന്ധിച്ച് നടത്തിയ ആൽബം തയ്യാറാക്കൽ മത്സരത്തിൽ വിജയികളായ ജോർജ് ജോസഫ്, മരിയ ആഗ്നസ് ഫിലിപ്പ് എന്നീ കുട്ടികളെ ബഹുമാനപ്പെട്ട വികാരിയച്ചൻ പ്രോത്സാഹന സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

# ആശാകിരണം




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സ്വാന്തന പദ്ധതിയായ ആശാകിരണത്തിന്റെ ആഭിമുഖ്യത്തിൽ ലോക കാൻസർ ദിനമായ ഫെബ്രുവരി 14-ന് മുണ്ടക്കയം, തിരുവല്ല, കോട്ടയം, പട്ടിത്താനം മേഖലകളിൽ കാൻസർ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതോടൊപ്പം ആശാകിരണം ചികിത്സാ സഹായനിധിയിലേക്ക് പൊതുജനങ്ങളിൽ നിന്ന് സംഭാവനയും സ്വീകരിച്ചു. മുണ്ടക്കയം12734/-, തിരുവല്ല 13366/-, കോട്ടയം 13828/- പട്ടിത്താനം 6660/- രൂപ എന്നിങ്ങനെ 46588/- രൂപ ഈയിനത്തിൽ ലഭിച്ചു. വി.എസ്.എസ്.എസ് ഡയറക്ടർ ഫാ. ഡെന്നിസ് ജോസഫ് കണ്ണമ്മാലിൽ, അസി.ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ, തിരുവല്ല മേഖല പ്രസിഡന്റ് ഫാ.സിൽവസ്റ്റർ മാധവശ്ശേരി, കോ-ഓർഡിനേറ്റർ പ്രസില ജോർജ് എന്നിവരുടെ നേതൃത്വത്തിൽ ആനിമേറ്റർമാരും സന്നദ്ധപ്രവർത്തകരും പരിപാടിയിൽ പങ്കെടുത്തു.

ഇടവകകളിൽ നിന്നും കഴിഞ്ഞ മാസം ആശാകിരണം പദ്ധതിയിലേക്ക് ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.-

പാക്കിൽ 320/- മണർകാട് 2300/- നെടുമുടി 1000/- മാരാമൺ 2500/- പൊടിമറ്റം 1810/- എലിക്കുളം 50 /- ഏന്തയാർ 120/- മധുരവേലി 300/-

പട്ടിത്താനം 680/- കുറുമുള്ളൂർ 150/- പാല 1600/- വെട്ടിമുകൾ 980/- ഇലയ്ക്കാട് 1780/- ആണ്ടൂർ 345/- മണ്ണയ്ക്കനാട് 1100/-

ഇടവക തിരുനാൾ ദിനത്തിൽ ശേഖരിച്ച തുക

വെച്ചൂച്ചിറ 5130/-, എരുമേലി 3000/-, വെട്ടിമുകൾ 3000/-, ആശാകിരണം പദ്ധതിയിൽ സഹായം അനുവദിച്ച ഇടവകകൾ

മുണ്ടക്കയം 5000/-, പൊടിമറ്റം 4500/-





## സംയുക്ത യോഗം–തിരുവല്ല മേഖല



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തിരുവല്ല മേഖലയിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ മേഖലാ വേദിയായ സംയുക്തയുടെ യോഗം നെടുമുടിയിൽ നടന്നു. ഖജാൻജി മിനി സേവ്യർ അദ്ധ്യക്ഷയായിരുന്ന യോഗത്തിൽ വി.എസ്. എസ്.എസ് സി.ഡി.ഓ ജോസ്മി സെബാസ്റ്റ്യൻ റിപ്പോർട്ടുകൾ വിലയിരുത്തി. വനിതാ ദിനാഘോഷം, സംഘങ്ങളുടെ പ്രവർത്തനം എന്നിവ ചർച്ച ചെയ്തു. ജോ–സെക്രട്ടറി ജെസ്സി ചെറിയാൻ സ്വാഗതവും ലില്ലിക്കുട്ടി ജോർജ് കൃതജ്ഞതയും പറഞ്ഞു.

## ഓപ്പൺ ഹൗസ്



കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ 7–ാം വാർഡിൽ കോട്ടയം ചൈൽഡ് ലൈൻ സംഘടിപ്പിച്ച ഓപ്പൺ ഹൗസ് കൊഴുവനാൽ പഞ്ചായത്ത്



*ശേഷം 6–ാം പേജിൽ*

പ്രസിഡന്റ് തോമസ് ജോർജ് ഉദ്ഘാടനം ചെയ്തു. പാല എക്സൈസ് ഇൻസ്പെക്ടർ ശിവപ്രസാദ്, പാല സർക്കിൾ ഇൻസ്പെക്ടർ ജോസഫ് അരമാന എന്നിവർ ക്ലാസ്സ് നയിച്ചു. പഞ്ചായത്തംഗം സ്മിത ജോസഫ് ആശംസയർപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ കുട്ടികൾ അഭിമുഖീ കരിക്കുന്ന വിവധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തി. കോ-ഓർഡിനേറ്റർ മാത്യു ജോസഫ്, അംഗങ്ങളായ രഞ്ജിത്ത് ടോം, ഷിൻജു ഷാജി എന്നിവർ നേതൃത്വം നൽകി.

## കുടിൽരഹിത രൂപത പദ്ധതി പ്രകാരം നിർമ്മിച്ച ഏതാനും വീടുകൾ









- ആനിമേറ്റർമാരുടെ കേന്ദ്രതല യോഗം മാർച്ച് 22- വ്യാഴാഴ്ച അമലനിലയത്തിൽ
- ഓഫീസ് ജീവനക്കാർ, ആനിമേറ്റർമാർ എന്നിവർക്കുള്ള ഏകദിന ധ്യാനം മാർച്ച് 27 ചൊവ്വാഴ്ച അമലനിലയത്തിൽ.

# നിത്യപ്രേക്ഷിതറാണി

(റജീന മൈക്കിൾ, പെരുമ്പാവൂർ)

പെരുംനോവ് നെഞ്ചിൽ പേറുമമ്മേ
'താതൻഹിത' മെങ്കിലും പെറ്റമ്മ നീയല്ലോ !
പാലൂട്ടി, താരാട്ടി, നെഞ്ചേറ്റി, അൻപുമൂട്ടി
വളർത്തിയാമടിയിൽ,
ഹാ ! മൃതനായ് നിൻ പ്രിയസുതൻ !
വജ്രം പിളർക്കുന്ന വാളുപോൽ ശീമോന്റെ
വാക്കുകളാത്മാവിൽ രക്താശ്രുബാഷ്പമായ്.....
പാതിരാമഞ്ഞിൻ കുളിർവനിയിലന്ന്
പുൽത്തൊഴുത്തിൻ ദിവ്യ വിസ്മയത്തിൽ
വിണ്ണിലെ ദൂതർതൻ ഗ്ലോറിയാ കേൾക്കവെ
ഉണ്ണിയെ നോക്കി നീ നിന്നതല്ലേ.
ഈജിപ്തിൽ പാർത്തതും ഇസ്രേലിൽ പോന്നതും
യെരുസലേമിൽ മകനെ തേടിയലഞ്ഞതും
വേദശാസ്ത്രികളോത്തു തർക്കിച്ചതിൻപൊരുളും
പുത്രന്റെ രക്ഷദനിയോഗമെന്നറിഞ്ഞു നീ.
ചമ്മട്ടിയടികളാൽ പൊൻസൂനു പിടയവെ
നുറുങ്ങും മനസ്സുമായമ്മ നിന്നൂ ചാരെ
പുത്രദുഃഖം അമ്മയ്ക്കതി ദുഃഖമെന്നല്ലോ !
തിരുമുൾമുടി നിന്റെ ചങ്കിലും തറഞ്ഞഹോ
നിസ്സഹായരെന്ന് ലോകം തപിക്കുമ്പോൾ
പുത്രന് ക്രൂശേറാനമ്മ ബലമായി കൂടെ
കുരിശിന്റെ ചോട്ടിലായ് 'നിന്ന'വൾ തിരുസുത-
സഹനങ്ങൾ ദേഹിയിൽ സ്വയമായ് വരിച്ചേവം.
തിരുതനയൻ ഞങ്ങളെ അമ്മയ്ക്കും അമ്മയെ
യോഹന്നാനുമന്ന് ഏൽപ്പിച്ചു ! വാചാലം !
സർവ്വരക്ഷയല്ലോ പുത്രന്റെ ഹിതം - എങ്കിൽ
അമ്മയ്ക്കും ലക്ഷ്യം തൻ മക്കൾതൻ രക്ഷ.
താതനായ് തനയരെ ജന്മംകൊടുപ്പതിൻ
പേറ്റുനോവല്ലോ നിൻ നെഞ്ചിലെ വേദന !
മെജുഗോറിൽ വന്നമ്മ അനുതാപത്തിന്നായ്
വിശുദ്ധിതൻ പാഠങ്ങൾ മൊഴിഞ്ഞതില്ലേ ?
ഫാത്തിമയിലന്ന് പലവട്ടം വന്നു നീ
ജപമാല പടവുകൾ തന്നതില്ലേ ?
ലൂർദ്ദിൽ ദിനംതോറും ആയിരങ്ങൾക്കു നീ
ആത്മാവിൻ സൗഖ്യം പകരുന്നില്ലേ ?
വേളാങ്കണ്ണിലിന്നും നാനാമതസ്ഥരും
വചനത്തിൻ വരംനേടി മടങ്ങുന്നില്ലേ ?
ഇരുട്ടാകുംമുമ്പൊരു വീട്ടമ്മ മക്കളെ
വീട്ടിൽ വിളിച്ചുകയറ്റുംപോലെ - അമ്മേ
ലോകാന്ത്യമോതി നീ വേദനയോടെങ്ങും
ഉത്ഥിത വില തേടി അലയുന്നുവോ ?



# അഭിവന്ദ്യ പിതാവിന്റെ
## മാർച്ച് മാസ പരിപാടികൾ

| | | | |
|---|---|---|---|
| 02 | വെള്ളി | | - PPD |
| 03 | ആദ്യശനി | 06.30 am | - ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | 06.00 pm | - ഇടയസന്ദർശനം, സേക്രഡ് ഹാർട്ട് ചർച്ച്, അമയന്നൂർ |
| 04 | ഞായർ | 08.00 am | - ദിവ്യബലി, സൈ്ഥര്യലേപനം, സേക്രഡ് ഹാർട്ട് ചർച്ച്, അമയന്നൂർ |
| 08 | വ്യാഴം | 10.00 am | - ദിവ്യബലി, കോൺവെന്റ് ആശീർവ്വാദം, തൊടുപുഴ |
| 09 | വെള്ളി | | - PPD |
| 10 | ശനി | 2.30 pm | - ദിവ്യബലി, സെന്റ് ജോസഫ്സ് ചർച്ച്, പൊടിമറ്റം (ശതാബ്ദി, സെന്റ് ജോസഫ്സ് എൽ.പി സ്കൂൾ, പൊടിമറ്റം) |
| 16 | വെള്ളി | | - PPD |
| 18 | ഞായർ | 10.30 am | - ദിവ്യബലി, സെന്റ് മേരീസ് ചർച്ച്, മുണ്ടക്കയം (ശതാബ്ദി, സെന്റ് ലൂയീസ് എൽ.പി സ്കൂൾ, മുണ്ടക്കയം) |
| | | 5.30 pm | - നാല്പതുമണിക്കൂർ ആരാധന സമാപനം, ഗുഡ് ഷെപ്പേർഡ് ചർച്ച്, കോട്ടയം |
| 19 | തിങ്കൾ | 10.00 am | - ദിവ്യബലി, സെന്റ് ജോസഫ്സ് ഓൾഡ് ഏയ്ജ് ഹോം, കുറിച്ചി (20-ാം വാർഷികം) |
| 23 | വെള്ളി | | - PPD |
| 25 | ഞായർ | 7.30 am | - കർത്താവിന്റെ പീഡാനുഭവത്തിന്റെ കുരുത്തോല ഞായറാഴ്ച ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 26 | തിങ്കൾ | 6.30 am | - ദിവ്യബലി, ഭാഗ്യസ്മരണാർഹനായ ബൊനവന്തൂര അരാന പിതാവിന്റെ 60-ാം ചരമവാർഷികം, ഗുഡ് ഷെപ്പേർഡ് ചർച്ച്, കോട്ടയം. |
| 27 | ചൊവ്വ | 7.00 pm | - വൈദിക സമ്മേളനം, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 28 | ബുധൻ | 7.30 am | - തൈല പരികർമ്മ പൂജ, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 29 | പെസഹാവ്യാഴം | 6.30 pm | - കർത്താവിന്റെ അത്താഴത്തിന്റെ പൂജ- വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 30 | ദുഃഖവെള്ളി | 3.30 pm | - കർത്താവിന്റെ പീഡാസഹനത്തിന്റെ ആചരണം, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 31 | വിശുദ്ധ ശനി | 7.00 am | - പ്രഭാത പ്രാർത്ഥന, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |
| | | 9.30 pm | - പരിശുദ്ധ രാത്രിയിലെ പെസഹാ ജാഗരം |


SOUTH INDIAN Bank
Experience Next Generation Banking
SIB YOUTH PLUS Savings Account
"There is no better time to experiment
with the good things that come to your life…."
Experience the Next Generation Savings
Account for YOUTHS


Need a vehicle?
Vehicle loans
from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

MARCH 2018
Vol. 11 • Issue 3
Published on
1st March 2018

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO-FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

Perumbaikadu P.O., Neelimangalam
Kottayam - 686028
Ph: 0481-2397752/9400316501

**ENVIRONMENTAL CONSULTANTS & MANUFACTURES OF:**
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS


Printed & Published by Fr. Francis Netumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm. at Good Shepherd Press, Kottayam, Kerala # 0481-2569180